For Private Circulation Only

January 2024

ആഗമനാരുണൻ

HOLY BIBLE

Vol.71 | "ഞാൻ ആദ്യനും അന്ത്യനും ആകുന്നു; ഞാനല്ലാതെ ഒരു ദൈവവുമില്ല" (യെശ.44:6) | No.1

ക്രിസ്തുവിന്റെ മഹത്വം

By Charles H, Spurgeon

" വചനം ജഡമായിത്തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്ന് ഏകജാതനായവന്റെ തേജസായി കണ്ടു " (യോഹ. 1:14).

അതെ! ഇതാ ക്രിസ്തുവിന്റെ മഹത്വം! ഇത് ആത്മാവിന്റെ വേലയാണ്, രക്ഷിപ്പിൻ വേലയാണ്. അനുഗ്രഹിക്കപ്പെട്ടവേലയാണ്? നിങ്ങൾ ഉത്തരം പറയും, " എങ്ങനെയാണ് ഞങ്ങൾ അവിടുത്തെ മഹത്വം കാണുക"? എന്തുകൊണ്ട് വിശ്വാസത്താൽ കാണുന്നു.

എന്റെ സഹോദരന്മാരേ, എന്തൊരു മഹത്വമാണ് നാം വിശ്വാസത്താൽ കാണുന്നത്! വിശ്വാസത്താൽ, ആദ്യഭാഗത്ത് നാം കാണുന്നത് തന്റെ സങ്കീർണ്ണമായ വ്യക്തിത്വമാണ്. നാം അറിഞ്ഞും വിശ്വസിച്ചുമിരിക്കുന്നത് അവിടുന്ന് നിത്യ വചനം ആയവനാണ്, യഥാർത്ഥത്തിൽ പിതാവിന്റെ മകനാണ് നാം അവിടുത്തെ വിശ്വാസത്താൽ കണ്ടിരിക്കുന്നു, ലോകസ്ഥാപനത്തിനു മുമ്പേ, പിതാവിനോടുകൂടെയിരുന്നവൻ, പിതാവിന്റെ പ്രിയ പുത്രൻ, തന്റെ പഴയനിയമത്തിലെ എഴുന്നള്ളത്തുകൾ നാം കണ്ടിരിക്കുന്നു, ആകാശ മേഘങ്ങളെ തൂക്കിയിട്ടിരിക്കുന്നത് നാം കണ്ടിരിക്കുന്നു, ആഴങ്ങളുടെ അഗാധങ്ങളെ അളവെടുക്കുന്നത് നാം കണ്ടു, ആകാശത്തിന്റെ വിസ്തൃതികളുടെ പദ്ധതി തയ്യാറാക്കുന്നവൻ, സമുദ്രത്തിന്റെ ആഴങ്ങളെ കാണുന്നവൻ, നാം അവിടുത്തെ ജ്ഞാനത്താൽ ഉണ്ടാക്കുന്നവൻ, എല്ലാം തന്റെ ഇഷ്ടപ്രകാരം ചെയ്യുന്നവൻ, ഉളവായതൊന്നും അവനെകൂടാതെ ഉളവായതല്ല" (യോഹ. 1:3). നാം അവിടുത്തെ ദൈവമായി കണ്ടു, തന്റെ പിതാവിന്റെ സിംഹാസനത്തിൽ ഇരിക്കുന്നവായി കണ്ടു, ഭൂമിയും അതിലുള്ള ജന്തുക്കൾ എല്ലാം അവിടുത്തെ മഹത്വമുള്ള ഇഷ്ടത്തെ അനുസരിക്കുന്നു. സ്വർഗ്ഗത്തിന്റെയും മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ അവിടുത്തെ കൈകളിലുണ്ട്! അവിടുന്ന് ഞങ്ങൾക്ക് ദൈവമായിരിക്കുന്നു എന്നതിൽ ഞങ്ങൾക്ക് യാതൊരു സംശയവുമില്ല. ഞങ്ങൾ അറിഞ്ഞിരിക്കുന്നു, ഞങ്ങൾ കണ്ടിരിക്കുന്നു, അവിടുന്നു യഥാർത്ഥ ദൈവം, അവൻ സർവ്വത്തിനും മീതെ ദൈവമായി എന്നെന്നേയ്ക്കും വാഴ്ത്തപ്പെട്ടവൻ ആമേൻ" (റോമ. 9:5).

നാം അവിടുത്തെ മനുഷ്യനായും കണ്ടിരിക്കുന്നു. നമ്മെപ്പോലെ അസ്തികളുള്ളവനായി; നമ്മെപ്പോലെ മാംസം ഉള്ളവനായി, പൂർണ്ണ മനുഷ്യനായി, എന്നാൽ ഒരു പാപവും ചെയ്യാത്തവനായി, ബലഹീന മനുഷ്യനായി, കഷ്ടപ്പെടുന്നവനായി, വിശപ്പുള്ളവനായി, വിശുദ്ധിയുള്ളവനായി, നിർമ്മലനായ ദൈവകുഞ്ഞാടായി നാം അവടുത്തെ കണ്ടിരിക്കുന്നു. നാം ദൈവത്തിന്റെ മഹത്വത്തിൽ അവിടുത്തെ പ്രതാപത്തിൽ വഷളാക്കപ്പെട്ട മനുഷ്യനായിട്ടല്ല, മലിനമാക്കപ്പെട്ടവനായിട്ടുമല്ല, എന്നാൽ യഥാർത്ഥ ദൈവമായി, യഥാർത്ഥ മനുഷ്യനുമായി, മനുഷ്യന്റെ എല്ലാ ഗുണവിശേഷങ്ങളിലും ദൈവത്തിന്റെ എല്ലാ ഗുണവിശേഷങ്ങളിലും; ഞങ്ങൾ അവിടുത്തെ ആരാധിക്കുവാൻ ഇടയായി. ദൈവം നമുക്കു വാഗ്ദത്തം ചെയ്യുന്ന, സകല ഭൂതലത്തെയും പ്രകാശിപ്പിക്കുന്ന ദൈവതേജസ് ഞങ്ങൾ അവനിൽ കണ്ടു. ഈ ലോകത്തിൽ ഞങ്ങൾക്ക് ആരാണുള്ളത്, എന്നാൽ യേശു അല്ലയോ? സ്വർഗ്ഗത്തിൽ ഞങ്ങൾക്ക് ആഗ്രഹിക്കുവാൻ നീയല്ലാതീരുള്ളൂ?

അവിടുത്തെ സ്നേഹവും ത്യാഗവും

അടുത്തതായി, നാം അവിടുത്തെ മഹത്വം കണ്ടു, തന്റെ ആളത്വത്തിൽ അല്ല, എന്നാൽ താൻ ലക്ഷ്യമിട്ട് ചെയ്യുന്ന പ്രവൃത്തികളിലൂടെ ആ ലക്ഷ്യം സ്നേഹമാണ് യോഗ്യമല്ലാത്ത ജീവിതങ്ങളോടുള്ള സ്നേഹം, തിരിച്ച് മറുപടി നൽകുവാൻ കഴിയാത്തവരോടുള്ള സ്നേഹം, മഹത്വത്തിന്റെ കർത്താവിനെ ക്രൂശിച്ചവരോടുള്ള സ്നേഹം, പണി പുരയിൽ ആഭരണങ്ങൾ മിന്നിത്തിളങ്ങുന്നതുപോലെ ഞങ്ങൾ കണ്ടറിഞ്ഞു ഞങ്ങൾ പറഞ്ഞതുപോലെ: സ്നേഹത്തിലെ മഹത്വം, അത് വേറെ എങ്ങും കാണാൻ സാദ്ധ്യമല്ല.

അടുത്തതായി, അവിടുത്തെ ത്യാഗത്തിന്റെ മഹത്വം ഞങ്ങൾ കണ്ടു. ഞങ്ങൾ അവിടുത്തെ നോക്കിക്കണ്ടു, എല്ലാം നമുക്കുവേണ്ടി താൻ ഉപേക്ഷിച്ചു. കിരീടവും ചെങ്കോലും, തന്റെ രാജകീയ വസ്ത്രവും തന്റെ മഹത്വവും, പിതാവിന്റെ ഭവനം വിട്ടു, കൊട്ടാരവും അതിന്റെ മഹത്വവും വിട്ടു മനുഷ്യനായിത്തീർന്നു, അതെ, ഒരു ദരിദ്ര മനുഷ്യൻ, വെറുക്കപ്പെട്ട മനുഷ്യൻ, അതെ മരണത്തോളം അനുസരണമുള്ളവനായ്ത്തീർന്നു, ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായിത്തീർന്നു. ചരിത്രത്തിലുടനീളം വായിച്ചാൽ ഇതുപോലൊരു ത്യാഗം നമുക്കു കാണാൻ കഴിയുകയില്ല. അവനിൽ സ്വാർത്ഥത വാഴുന്നില്ല, അവിടുന്ന് തനിക്ക് സ്വന്തമല്ല, തന്റെ മുഴു ചരിത്രം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. ഇവൻ മറ്റുള്ളവരെ രക്ഷിച്ചു തന്നെത്താൻ രക്ഷിപ്പാൻ കഴികയില്ല" (മത്താ. 27:42).

മഹത്വവാനായ ക്രിസ്തു, മനുഷ്യരാൽ തൃജിക്കപ്പെട്ടവനായിരുന്നു, ഞങ്ങൾ നിന്റെ മഹത്വം കണ്ടു.

അവിടുത്തെ സഹിഷ്ണതയും അശ്രാന്ത പരിശ്രമവും

നാം കണ്ടു മാത്രമല്ല, തന്റെ സഹിഷ്ണതയുടെ മഹത്വവും. അവിടുന്ന് പരീക്ഷിക്കപ്പെട്ടു, എന്നാൽ തോറ്റുപോയില്ല. ലോകത്തിന്റെ മഹത്വം തന്റെ കാൽച്ചുവട്ടിലുണ്ട്, ലോകത്തിന്റെ മഹത്വത്തെക്കാൾ മാനവജാതിയുടെ രക്ഷ അവിടുന്ന് തെരഞ്ഞെടുത്തു. നമുക്കു നേരെ വന്ന ശാസന

(ശേഷം 2-ാം പേജിൽ)

(1-ാംപേജിന്റെ തുടർച്ച)

ക്രിസ്തുവിന്റെ മഹത്വം

കൾ അവിടുന്നു ഏറ്റെടുത്തു, മിസ്രയീമിന്റെ നിക്ഷേപങ്ങളെക്കാൾ അത് വലിയ ധനം എന്നെണ്ണി. ഞങ്ങൾ അവിടുത്തെ കളിയാക്കപ്പെട്ടവനായി കണ്ടു, ഒരു ദൂഷണവാക്കും പറഞ്ഞില്ല, തുപ്പി, പകരം തുപ്പിയില്ല, ഒരു ശാപവാക്ക് പറഞ്ഞില്ല. ഞങ്ങൾ അവിടുത്തെ നിന്ദിതനായി കണ്ടു, താൻ അവരുടെ മുമ്പിൽ നീതീകരിക്കാൻ നോക്കിയില്ല, കുറ്റം ചുമത്തി, ന്യായാധിപന്മാരുടെ മുമ്പിൽ മിണ്ടാതിരുന്നു. എല്ലാം തന്നെത്താൻ വഹിച്ച്, തന്നെത്താൻ ഉപേക്ഷിച്ച് മിണ്ടാതിരുന്നു, അവർ ചെയ്യുന്നത് ചെയ്യട്ടെ എന്ന് കരുതി. അനേകർക്ക് തന്റെ സ്നേഹത്തെ കൊടുക്കാൻ സാദ്ധ്യമല്ല, പെരുവെള്ളങ്ങൾക്ക് അതിനെ മുക്കിക്കളയുവാൻ സാദ്ധ്യമല്ല. തന്റെ സ്നേഹം ത്യജിക്കുവാൻ വേണ്ടി ലോകത്തിന്റെ സകല വാഗ്ദത്തങ്ങളും നൽകപ്പെട്ടു, എന്നാൽ ലോകത്തെ താൻ പുച്ഛിച്ചു തള്ളി. രക്ഷകൻ എന്ന നിലയ്ക്ക് തന്റെ ജീവനെ കൊടുക്കുവാൻ താൻ തയ്യാറായിരുന്നു. താൻ സഹിച്ചു. എല്ലാ ശാപങ്ങളും തന്റെ ശരീരത്തിൽ വഹിച്ചു.

മഹാ, ദൈവമേ, യേശുവേ മറ്റാരുമില്ല മഹാദൈവമേ, സർവ്വശക്തനായി, നിനക്ക് തുല്യനായി മറ്റൊരുവൻ ഈ ലോകത്തിലില്ല. കർത്താവേ ഞങ്ങൾ നിന്റെ മഹത്വം കണ്ടു, താൻ എടുത്തിരിക്കുന്ന വേല നിറപടിയായി നിവർത്തിച്ചു, വിശ്രമം കൂടാതെ പ്രവർത്തിച്ചു, താൻ പറഞ്ഞു, സകലവും നിവർത്തിയായി (യോഹ. 19:30). അവിടുന്ന് നമുക്കുവേണ്ടി മരിച്ചു. ഇന്നും അവിടുന്ന് നമുക്കുവേണ്ടി പ്രവർത്തിക്കുന്നു. സീയോനുവേണ്ടി വിശ്രമമില്ലാതെ, യരുശലേമിനുവേണ്ടി, രാവും പകലും തനിക്കു വേണ്ടിയല്ല. അതിന്റെ മഹത്വം ശക്തിയോ വെളിപ്പെടുന്നതിനുവേണ്ടി, അതിന്റെ നീതിവിളക്കുപോലെ കത്തുന്നതിനുവേണ്ടി.

അവിടുത്തെ അന്തിമ വിജയം

അതിന്റെ ശേഷം അവിടുത്തെ അന്തിമ വിജയത്തിൽ അവിടുത്തെ മഹത്വം ഞങ്ങൾ കണ്ടു. അതെ, സഹോദരന്മാരെ, അപ്പോൾ സൂര്യൻ ഇരുണ്ടുപോയി, ഭൂമി കുലുങ്ങി, പാറകൾ പിളർന്നു, ലോകത്തിന്റെ മഹത്വത്തെ ക്രിസ്തു ഇരുളാക്കിയതു ഞങ്ങൾ കണ്ടു. പാറപോലുള്ള ഹൃദയങ്ങളെ കീറുന്നതു ഞങ്ങൾ കണ്ടു, മരിച്ചവർ ഉയിർത്തെഴുന്നേറ്റു. അവിടുന്ന് നമുക്കുവേണ്ടി മരിച്ചു, പിശാചിനെ പിടിച്ചു കെട്ടി, ഏറ്റവും താഴെയുള്ള ഇരുട്ടിലേക്ക് തള്ളി, മരണത്തിന്റെ അധിപതിയെ ബന്ധിച്ചു, അവന്റെ രഥചക്രങ്ങളെ പൂട്ടി. അവിടുന്നു നിത്യതയുടെ ഉന്നതികളിൽ സഞ്ചരിക്കുന്നത് ഞങ്ങൾ കണ്ടു, അടിമത്വങ്ങളെ ഇല്ലാതാക്കി, അടഞ്ഞിരുന്ന വാതിലുകളെ തുറന്നു, അപ്പോൾ ദൂതന്മാർ പറഞ്ഞു, "വാതിലുകളെ നിങ്ങളുടെ തലകളെ ഉയർത്തുവിൻ; പണ്ടെയുള്ള കതകുകളേ ഉയർന്നിരിപ്പിൻ, മഹത്വത്തിന്റെ രാജാവ് പ്രവേശിക്കട്ടെ" (സങ്കീ. 24:7). വിശ്വാസത്താൽ ഉള്ള വിജയങ്ങളുടെ പരമ്പരയിൽ ഞങ്ങൾ പങ്കാളികളായി, ആത്മാവിന്റെ പ്രവൃത്തിയാക്കി എന്ന സ്വരം ഞങ്ങൾ കേട്ടു, എല്ലാറ്റിനും മീതെ ദൈവത്തിന്റെ ശബ്ദവും ഞങ്ങൾ കേട്ടു, "നല്ല വേല, പിതാവിന്റെ ഇഷ്ടം നിവർത്തിച്ചു". തന്റെ മഹത്വത്തിൽ തന്റെ വിശ്രമസ്ഥലമായ സിംഹാസനത്തിൽ ഇറങ്ങുന്നതു ഞങ്ങൾ കണ്ടു, പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നവനായി ഞങ്ങൾ കണ്ടു. അപ്പോൾ സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിൽ നിന്നും ഒരു പാട്ടു നീട്ടിപാടി, "ഹാലേലൂയ്യാ, ഹാലേലൂയാ! സർവ്വശക്തനായ കർത്താവായ ദൈവം വാഴുന്നു".

കഴിഞ്ഞ അനുഭവങ്ങളുടെ അപ്പുറത്തേയ്ക്ക് ഞങ്ങളുടെ

(ശേഷം 8-ാം പേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

" യഹോവ ഇപ്രകാരം അരുളിചെയ്യുന്നു നിങ്ങൾക്കു കുടിപ്പാൻ വേണ്ടി ഞാൻ അവൾക്കു നദിപോലെ സമാദാനവും കവിഞ്ഞൊഴുകുന്ന തോടുപോലെ ജാതികളുടെ മഹത്വവും നീട്ടിക്കൊടുക്കും. നിങ്ങളെ പാർശ്വത്തിൽ എടുത്തുകൊണ്ടു നടക്കയും മുഴങ്കാലിന്മേൽ ഇരുത്തി ലാളിക്കയും ചെയ്യും. അമ്മ ആശ്വസിപ്പിക്കുന്നതുപോലെ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. നിങ്ങൾ യെരുശലേമിൽ ആശ്വാസം പ്രാപിക്കും അതു കണ്ടിട്ടു നിങ്ങളുടെ ഹൃദയം സന്തോഷിക്കും " (യെശ. 66:12,13)

2023 ഡിസംബർ മാസം നമ്മെ വിട്ട് കടന്നു പോയി. 2024 ജനുവരി മാസത്തിലേക്ക് നാം കടന്നിരിക്കുന്നു. 2023-ൽ അനേകർ ഈ ലോകത്തിൽ നിന്ന് മാറ്റപ്പെട്ടു. കർത്താവ് നമ്മെയും നമ്മുടെ പ്രിയപ്പെട്ടവരേയും അത്ഭുതകരമായി കാത്തു പരിപാലിച്ചതിനായി ദൈവത്തിനു നന്ദി പറയാം.

2024-ൽ ദൈവത്തിന്റെ സാന്നിദ്ധ്യം നമ്മുടെ ദൈനംദിന ജീവിതത്തിൽ അനുഭവവേദ്യമാകുവാൻ കഴിയണം. ഇരുളടഞ്ഞ നമ്മുടെ ജീവിതത്തെ പ്രകാശ പൂരിതമാക്കുവാൻ ദൈവവുമായി കൂടുതൽ ബന്ധം പുലർത്തണം. കർത്താവിലും അവന്റെ അമിതബലത്തിലും ശക്തിപ്പെടണം. പിശാചിന്റെ തന്ത്രങ്ങളോട് നാം എതിർത്തു നിൽക്കണം. കർത്താവ് തന്റെ മണവാട്ടിയായ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി കറയും കളങ്കവും ഒന്നുമില്ലാതെ തനിക്കു തന്നേ തേജസ്സോടെ നിർത്തുവാൻ പോകുകയാണ്.

പ്രതികൂലങ്ങളെയും സങ്കടങ്ങളെയും ഉറപ്പോടും ധൈര്യത്തോടും നേരിടാൻ കർത്താവ് നിങ്ങൾക്ക് കൃപ തരും. കർത്താവിൽ പൂർണ്ണമായി ആശ്രയിക്കുക.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആരിൽ നിന്നും ഒരു പ്രതികരണവും ലഭിക്കുന്നില്ല. നിങ്ങളുടെ അഭിപ്രായങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**

കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

ചിന്തിക്കുക ...യേശു

By Mc Call Barbour

"വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക" (എ ബ്രാ. 12:2).

ഏറ്റവും ശ്രേഷ്ഠവും ഉന്നതവുമായ ചിന്താവിഷയമാണ് യേശു എന്നത്. യേശു എന്നത് ഉറവിടമാണ്. സാരാംശമാണ്. നന്മയുടെയും നിലനില്ക്കുന്ന സന്തോഷത്തിന്റെയും ആകെത്തുകയാണ് യേശു. യേശുവിൽ യാഥാർത്ഥ്യം ഉണ്ട്. യേശുവിനോടുള്ള ബന്ധത്തിൽ നമ്മുടെ ജീവിതം യാഥാർത്ഥ്യമായിത്തീരുന്നു.

ആരാണ് യേശു, യേശു എന്ത് പറയുന്നു, യേശു എന്തു ചെയ്യുന്നു, എന്തു ചെയ്യുവാൻ പോകുന്നു, തന്നിൽ ആശ്രയിക്കുന്നവരുടെമേൽ, ഉറപ്പും, ധൈര്യവും, സുരക്ഷിതത്വവും നൽകുന്നു.

പാപപങ്കിലമായ ലോകത്തിൽ യേശു സാന്ത്വനമാണ്, എല്ലാം നൽകുന്നു, ,സംതൃപ്തിയേകുന്നു. കഷ്ടതയിൽ സംരക്ഷണം നൽകുന്നു. യേശു നമുക്ക് എല്ലാം ആകുന്നു. തനിക്ക് തനിയേ കഴിയും, അവിടുന്ന് യോഗ്യനാണ്. അവിടുന്ന് ചെയ്തുതരുവാൻ ഇഷ്ടപ്പെടുന്നു. അവിടുന്ന് ഒരുക്കം ആണ്.

അപ്പോൾ ശ്രദ്ധിക്കുക, എന്റെ ആത്മാവേ! നിങ്ങൾ പാപത്തിലാണോ? നിങ്ങൾ മുറിവേറ്റ് ഭയങ്കരമായ ചികിത്സയുടെ ലോകത്തിലാണോ? നിങ്ങൾ തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നുവോ? നിങ്ങൾ ആത്മാവിൽ ഞെരുങ്ങിയിരിക്കുന്നുവോ? നിങ്ങളുടെ ഹൃദയം കലങ്ങിയിരിക്കുന്നുവോ? നിരന്തരമായുള്ള തോൽവികൾ നിങ്ങളെ താഴ്ത്തിയിരിക്കുന്നുവോ? ജീവിതം നിങ്ങൾക്ക് മാർമ്മികമാണോ, ക്ഷീണിച്ചിരിക്കുന്നുവോ, വ്യാകുലപ്പെട്ടിരിക്കുന്നുവോ? ഭാവിയെക്കുറിച്ചുള്ള ഭയം നിങ്ങളെ അലട്ടുന്നുണ്ടോ? നിങ്ങൾ എന്തിനെങ്കിലും വേണ്ടി വിശന്നിരിക്കുന്നുവോ? ദാഹിച്ചിരിക്കുന്നുവോ അതെ, ആർ എന്നെ സഹായിക്കും?

യേശു

യേശു അതുല്യമായ വ്യക്തിത്വം. ആ വ്യക്തിത്വം സംതൃപ്തി തരുന്നു. അങ്ങനെയല്ല എന്ന് മറ്റുള്ളവർ പറയുമ്പോഴും അവിടുന്ന് നിങ്ങളുടെ ആവശ്യങ്ങൾക്ക് മതിയായവനാണ്. ഇത് ഒരു രീതിയല്ല, വിശ്വാസപ്രമാണമല്ല, സമ്മാനമല്ല, ഔദാര്യമല്ല, തന്റെ മഹത്വങ്ങളല്ല എന്നിരുന്നാലും. അവ നമ്മെ സംരക്ഷിക്കുന്നു. ഇത് പ്രത്യേക കാര്യങ്ങൾക്കു വേണ്ടിയല്ല. ഹൃദയത്തിന്റെ വാഞ്ചയാണ്. അവിടത്തേയ്ക്ക് -യേശുവിനു വേണ്ടി.

അവിടുത്തെ ആത്മാർത്ഥ സ്നേഹം അനുഭവിച്ചറിയുകയും അവിടുത്തെ സാന്നിദ്ധ്യം ഹൃദയങ്ങളിൽ അനുഭവിക്കുകയും ചെയ്യുമ്പോൾ അതു ജീവിതത്തിന്റെ ബലമായിത്തീരുകയാണ് (നെഹ.8:10). അവിടുന്ന് നൽകുന്ന ആശ്വാസം ഞങ്ങളുടെ ജീവിതത്തിന്റെ ഉറപ്പായി മാറുന്നു. യേശു ഞങ്ങൾക്കു വേണ്ടി യുദ്ധം ചെയ്യുന്നു. യേശു ഭരിക്കുമ്പോൾ അത് ഞങ്ങൾക്ക് സമാധാനം ആകുന്നു. അതാണ് ഞങ്ങളുടെ അനുഗ്രഹം, യേശു ഞങ്ങളിൽ വാഴുന്നു.

ഇപ്പോൾ പഠിക്കുക, എന്റെ ആത്മാവേ, അവിടുത്തെ എല്ലാ സമ്മാനങ്ങളുടെയും ആൾരൂപമാണ് യേശു. അവിടുന്ന് നമ്മുടെ ജീവിതത്തിന്റെ ഭാഗമായിത്തീരുമ്പോൾ, ഞങ്ങളുടെ സമ്പത്ത് ഞങ്ങൾ അനുഭവിക്കുന്നു, അപ്പോൾ നമ്മുടെ ആവശ്യങ്ങൾ കർത്താവിൽ നിറവേറ്റപ്പെടുന്നു.

യേശുവിനെ ജീവിതത്തിൽ സ്വീകരിക്കാതെ രക്ഷ സാദ്ധ്യമല്ല. യേശു നമ്മുടെ രക്ഷകനായി അവിടുത്തെ വകയായിത്തീരുക. അവിടുത്തെ സന്നിധിയിൽ പൂർണ്ണമായി സമർപ്പിക്കാതെ ശുശ്രൂഷയിൽ വിജയം ഇല്ല, കഷ്ടതയിൽ സഹായമില്ല, അവിടുത്തോട് ചേർന്നു അവിടുത്തെ ചുവടുകളിൽ പൂർണ്ണമായി നാം അനുഗമിക്കേണം. എന്റെ ആത്മാവേ, തെറ്റു വരുത്തരുത്, അവിടുന്നു നിങ്ങളുടെ വ്യക്തിജീവിതത്തിലേക്ക് വരുന്നു. അവിടുന്ന് നിങ്ങളുടെ ജീവനാണ്.(കൊലൊ. 3:4). നിങ്ങളുടെ പ്രതീക്ഷകൾ മങ്ങുമ്പോൾ, നിങ്ങളുടെ ഹൃദയം ക്ഷീണിക്കുമ്പോൾ, നിങ്ങളുടെ തെരഞ്ഞെടുപ്പു പ്രയാസമായിത്തീരുമ്പോൾ, ഭാവി ഇരുണ്ടുപോകുമ്പോൾ യേശുവിൽ ആശ്രയിക്കുക, അവനിൽ ആശ്രയിക്കു, അവനിൽ ആശ്രയിക്ക.

പേര് പറഞ്ഞു യേശുവിനോട് സംസാരിക്കൂ

പേര് പറഞ്ഞു യേശുവിനോട് സംസാരിക്കുന്നത് ഒരു

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(3-ാം പേജിന്റെ തുടർച്ച)

യേശു

സ്വഭാവമാക്കി മാറ്റുക. പറയുക, യേശു. അതെ, അങ്ങനെ പറയുക! ഹൃദയത്തിൽ പതുക്കെ പറഞ്ഞ് ശീലിക്കുക. പിന്നീട് അധരങ്ങൾ കൊണ്ട് ഉച്ചത്തിൽ പറയുക. ഉള്ളിൽ മന്ത്രിക്കുക, യേശു പറയുക, യേശു, പാടുക, യേശു ആ നാമം നിങ്ങളുടെ ജീവിതത്തിൽ അഭയമായിത്തീരുന്നു. നിങ്ങളുടെ പരിച നിങ്ങളുടെ തലയാണ്. നിങ്ങളുടെ ശക്തി നിങ്ങളുടെ സങ്കേതം നിങ്ങളുടെ ബലം.

യേശു നിങ്ങളുടെ ദർശനത്തെ വിശാലമാക്കുമ്പോൾ, നിങ്ങളുടെ ഹൃദയത്തെ നിറയ്ക്കുമ്പോൾ, നിങ്ങളുടെ ചിന്തകളും ഭരിക്കുമ്പോൾ, നിങ്ങളുടെ അധരങ്ങൾ ചലിക്കുമ്പോൾ, ലോകത്തിന്റെ ജഡത്തിന്റെ പിശാചിന്റെ എല്ലാവിധമായ പ്രതികൂലങ്ങൾ നേരിടുമ്പോൾ നിങ്ങൾ സുരക്ഷിതരായിരിക്കും. അനാവശ്യ ചിന്തകൾ കടന്നു വരുമ്പോൾ, അവ മനസ്സിനെ അസ്വസ്ഥമാക്കുമ്പോൾ പറയുക, യേശു അവിടുത്തെ സാന്നിദ്ധ്യം നമ്മെ സഹായിക്കും.

നമ്മുടെ ഇടപാടുകളിൽ ചിന്താകുഴപ്പങ്ങൾ വരുമ്പോൾ, പറയുക, യേശു, അവിടുന്ന് നിങ്ങളുടെ ദർശനത്തെ നേരെയാക്കും, ഹൃദയത്തെ ശാന്തമാക്കും, അവിടുന്ന് നിങ്ങളെ വഹിക്കും. കുടുംബ പ്രശ്നങ്ങൾ നിങ്ങളെ അലട്ടുമ്പോൾ - പറയുക നിങ്ങളുടെ ഏതു പ്രശ്നങ്ങളേയും യേശു അറിയുന്നു. തന്റെ ഇടപെടലിനാൽ നമ്മുടെ ജീവിതം മാധുര്യമുള്ളതാക്കിതീർക്കുന്നു, നിങ്ങളുടെ വഴിയെ നേരെയാക്കുന്നു.

ജീവിതത്തിൽ പ്രശ്നങ്ങൾ ഉയർന്നു വരുമ്പോൾ പറയുക "യേശു". അവിടുന്ന് നിങ്ങളുടെ ജീവിതത്തിലെ പ്രശ്നങ്ങളെ തന്റെ കൃപയാൽ വിജയങ്ങളാക്കി മാറ്റുന്നു.

നിങ്ങളുടെ വഴിയിൽ സംശയങ്ങൾ കടന്നുവരുമ്പോൾ നിങ്ങളുടെ ഭാവി ഇരുണ്ടതുപോലെ തോന്നുമ്പോൾ പറയുക യേശു. അവിടുന്ന് നിങ്ങൾ മുമ്പേ നടന്നു, നിങ്ങളുടെ സകല ഭീതിയെയും നീക്കും. ഭയം നിങ്ങളെ മുടുമ്പോൾ ഇരുട്ട് നിങ്ങളെ കടന്നു പിടിക്കുമ്പോൾ പറയുക യേശു. ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെ ഉണ്ട്. എന്ന വാഗ്ദത്തം നമ്മെ വിടുവിക്കും. നിങ്ങളുടെ ചിന്താമണ്ഡലം മേഘാവൃതമാവുമ്പോൾ പറയുക യേശു തന്റെ വാഗ്ദത്തം വീണ്ടും ഓർമ്മിക്കും, നിശ്ചയമായും, ഇതാ ഞാൻ വേഗം വരുന്നു. നിങ്ങളുടെ ചിന്താ ദൈവം പ്രകാശിപ്പിച്ച് പ്രത്യാശയാൽ നിറയ്ക്കും.

നിങ്ങളുടെ ലക്ഷ്യങ്ങൾ തെറ്റിദ്ധരിക്കപ്പെടുമ്പോൾ, നിങ്ങളുടെ പ്രവൃത്തികളെ തെറ്റായി വ്യാഖ്യാനിക്കമ്പോൾ പറയുക യേശു. കൂട്ടുകാർ നമ്മെ കൈവിടുമ്പോൾ അവരുടെ സ്നേഹം തണുത്തുപോകുമ്പോൾ പറയുക യേശു. അവിടുന്നു നമ്മെ അണെച്ച് നമ്മെ നിറയ്ക്കും. ദു:ഖം നിങ്ങളെ മുടുമ്പോൾ പറയുക യേശു. അവിടുന്ന് സഹായിക്കും.

രോഗങ്ങൾ വന്ന് കൂട്ടത്തിൽ നിന്നും നിങ്ങളെ വേർപെടുത്തുമ്പോൾ, മറ്റുള്ളവർ നിങ്ങളെ തള്ളിക്കളയുമ്പോൾ - പറയുക യേശു അവരുടെ സഖിത്വം നിങ്ങളിലേയ്ക്ക് തിരിച്ചു വരുത്തും. നിങ്ങളുടെ ചിന്തകൾക്ക് പുതുജീവനേകും. ഉറക്കമില്ലാത്ത രാത്രികൾ കടന്നു വരുമ്പോൾ പറയുക യേശു. അവിടുത്തെ സാന്നിദ്ധ്യം സമാധാനം നൽകും.

വഴി വിട്ടു നടക്കുന്നവർ നിങ്ങളെ ദു:ഖിപ്പിക്കുമ്പോൾ, നിങ്ങളുടെ ജീവിതത്തെ വേദനപ്പെടുത്തുമ്പോൾ പറയുക യേശു അവിടുന്ന് അവരുടെ വഴികളിൽ നിന്നും അവരെ മടക്കി വരുത്തും. അനുതാപത്തിലേക്ക് അവിടുന്ന് അവരെ മടക്കി വരുത്തും. പ്രിയപ്പെട്ടവർ അകലം വിട്ട് അപകട വഴികളിൽ സഞ്ചരിക്കുമ്പോൾ പറയുക യേശു അവിടുന്ന് അവരെ മടക്കി വരുത്തും, സംരക്ഷിക്കും അനുഗ്രഹിക്കും. മരണകരമായ കൂരിരുട്ട് നമ്മുടെ ഹൃദയങ്ങളെ ഭവനങ്ങളെ വാഴുമ്പോൾ പറയുക യേശു. നിശബ്ദതയിൽ അവിടുന്ന് സംസാരിക്കുന്നത് നിങ്ങൾ കേൾക്കും, അവിടുന്ന് നിങ്ങളുടെ ഹൃദയങ്ങളെ ആശ്വസിപ്പിക്കും.

എന്റെ ആത്മാവേ, യേശു പ്രവർത്തിക്കുന്നതിന് തടസമായ നിങ്ങളുടെ ജീവിതത്തിൽ എന്താണുള്ളത്? ദിവസങ്ങൾ മ്ലാനമായേക്കാം, രാത്രികൽ ഉറക്കമില്ലാതായേക്കാം, ഹൃദയം ഭാരപ്പെട്ടിരിക്കാം, കൂട്ടുകാർ കൈവിട്ടേക്കാം, ജോലി നഷ്ടപ്പെട്ടേക്കാം, പ്രവൃത്തികൾ പരാജയപ്പെട്ടേക്കാം, സന്തോഷം വിട്ടു പോയേക്കാം, പ്രയത്നങ്ങൾ നഷ്ടമായേക്കാം, നോക്കുന്ന വഴികൾ ഇരുണ്ടവയായിരിക്കാം എല്ലാം എല്ലാം യേശുവിന്റെ അഭാവമായിരിക്കാം. നമ്മുടെ പുരയ്ക്കകത്ത് യേശു ഉണ്ടെന്ന് ഉറപ്പു വരുത്താം. അവിടുന്ന് ജീവിതത്തിൽ നമുക്കു തുണയായിരിക്കും. നമ്മുടെ ഹൃദയങ്ങളെ തന്റെ ഭവനമാക്കും. അവിടുന്നു ഇന്നും ജീവിക്കുന്നു. അവിടുന്നും നമുക്കായി കാത്തിരിക്കുന്നു അവിടുന്നു വാതിൽക്കൽ മുട്ടുന്നു.

" ഞാൻ വാതിൽക്കൽ നിന്ന് മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും (വെളി. 3:20).

പ്രിയ സഹോദരങ്ങളേ, വിശ്വാസത്തിന്റെ കണ്ണുകൾ തുറന്ന് നിങ്ങൾ അവിടുത്തെ കാണാൻ കഴിയുമോ, നിങ്ങളുടെ അധരങ്ങൾ തുറന്ന് ജീവിതത്തിലേക്ക് അവിടുത്തെ ക്ഷണിക്കുമോ. തുറക്കുക! തുറക്കുക! പറയുക യേശു വരണമേ! ഇതാണ് അവിടുത്തേയ്ക്ക് തൃപ്തി. അവിടുത്തെ ആഗ്രഹത്തിനുവേണ്ടി നമ്മെ ഏല്പിച്ചുകൊടുത്താൽ നാമും അവടുത്തെ വകയായിത്തീരും . നാം സംതൃപ്തരും സുരക്ഷിതരുമായിരിക്കും.

" യഹോവ നിന്നെ എല്ലായ്പ്പോഴും നടത്തും " (യെശ. 58:11)

ക്രിസ്തുവിന്റെ നാമത്തിൽ

By Andrew Murray

നിങ്ങൾ എന്റെ നാമത്തിൽ എന്നോട് അപേക്ഷിക്കുന്നതൊക്കെയും ഞാൻ ചെയ്തു തരും. " നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നതൊക്കെയും എന്റെ പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിന് ഞാൻ ചെയ്തു തരും. നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നതൊക്കെയും ഞാൻ ചെയ്തു തരും. നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും. നിങ്ങൾ എന്നെ തെരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുത്തു, നിങ്ങൾ പോയി ഫലം കായ്ക്കേണ്ടതിനും നിങ്ങളെ ആക്കി വച്ചുമിരിക്കുന്നു. നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോട് അപേക്ഷിക്കുന്നതൊക്കെയും അവൻ നിങ്ങൾക്ക് ചെയ്തു തരുവാനായിട്ടു തന്നെ. ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ പിതാവിനോട് അപേക്ഷിക്കുന്നതു ഒക്കെയും അവൻ എന്റെ നാമത്തിൽ നിങ്ങൾക്കു തരും. ഇന്നു വരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും അപേക്ഷിച്ചിട്ടില്ല. അപേക്ഷിപ്പിൻ എന്നാൽ നിങ്ങളുടെ സന്തോഷം പൂർണ്ണമാകുംവണ്ണം നിങ്ങൾക്ക് ലഭിക്കും ". (യോഹ. 14:13,14;15:16;16:23,24).

" എന്റെ നാമത്തിൽ" ആറിലധികം പ്രാവശ്യം ആവർത്തിച്ചിരിക്കുന്നു. നമ്മുടെ ഹൃദയം എത്ര പതുക്കെയാണ് ഹൃദയത്തിൽ എടുക്കുന്നത് എന്ന്

(ശേഷം 5-ാം പേജിൽ)

(4-ാം പേജിന്റെ തുടർച്ച)

ക്രിസ്തുവിന്റെ നാമത്തിൽ

കർത്താവ് അറിയുന്നു. യഥാർത്ഥമായി അവിടുത്തെ നാമം ശക്തിയുള്ളത് എന്നും അവിടുത്തെ നാമത്തിങ്കൽ എല്ലാ മുഴങ്കാലും മടങ്ങേണം, ഈ നാമത്തിൽ എല്ലാ പ്രാർത്ഥനയും കേൾക്കപ്പെടേണം. അതു പറയുന്നതിൽ അവിടുന്ന് ക്ഷീണിക്കുന്നില്ല, വീണ്ടും വീണ്ടും അങ്ങനെ പറയുകയാണ്. അത്ഭുതകരമായ " ആരെങ്കിലും എന്റെ നാമത്തിൽ" ചോദിച്ചാൽ അരുളിചെയ്യുന്നു " ഞാൻ ചെയ്തു തരും ഈ വാക്ക് ബന്ധപ്പെട്ടിരിക്കുന്നു. എന്റെ നാമത്തിൽ നാം ചോദിക്കുന്നതും പിതാവ് തരുന്നതും ഒരേ സമയം ക്രിസ്തുവിന്റെ നാമത്തിലാണ്.

നാം വിളിക്കുന്ന പേരു എന്ന ഒരു വാക്കു നമ്മുടെ പൂർണ്ണവ്യക്തിത്വത്തിലും പ്രകൃതിയിലുമാണ് എന്ന് നാം അറിയുന്നു. ദൈവം എന്ന നാമം അർത്ഥമാക്കുന്നത് അവിടുത്തെ പൂർണ്ണ ദൈവിക പ്രകൃതിയും മഹത്വവുമാണ്. ക്രിസ്തുവിന്റെ നാമം എന്നതുകൊണ്ട് അവിടുത്തെ പൂർണ്ണ പ്രകൃതിയും അവിടുത്തെ വ്യക്തിത്വവും വേലയും തന്റെ മനോഭാവവും ആത്മാവുമാണ്. ക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥിക്ക എന്നുള്ളത് ഒരു കൂട്ടായ പ്രവൃത്തിയാണ്. ആദ്യമായി ഒരു പാപി മാനസാന്തരപ്പെടുമ്പോൾ, അവൻ ആകെ അറിയുന്നത് അവിടുത്തെ മഹത്വവും മദ്ധ്യസ്ഥതയുമാണ്. ഏറ്റവും ഒടുവിൽ അത് നമ്മുടെ വിശ്വാസത്തിന്റെ ഉറപ്പായിത്തീരുന്നു.

എന്നാൽ വിശ്വാസി കൃപയിൽ വളരുമ്പോൾ, ആഴമായി, സത്യമായി ക്രിസ്തുവുമായുള്ള കൂട്ടായ്മയിൽ വളരുകയാണ്. അതായത് അവിടുത്തെ കൂട്ടായ്മയിൽ വളരുമ്പോൾ അവൻ ക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുവാൻ പഠിക്കുന്നു, ആത്മാവിൽ പ്രാർത്ഥിപ്പാൻ ഇടയാകുന്നു. പരിശുദ്ധാത്മാവിനെ നമ്മിലേക്ക് കടത്തിവിടുമ്പോൾ നാം അവിടുത്തെവകയായിതീരുകയും ചെയ്യുന്നു. അതായത് ഈ വാക്കുകളുടെ അർത്ഥം നാം ഗ്രഹിച്ചാൽ, ആ ദിവസത്തിൽ നിങ്ങൾ എന്റെ നാമത്തിൽ ചോദിക്കും. പരിശുദ്ധാത്മാവ് വിശ്വാസിയിൽ വസിക്കുവാനായി വന്ന ആ ദിവസം അവിടുത്തെ മഹത്തായ വാഗ്ദത്തത്തിൽ നാം ഒരിക്കലും പതറിപ്പോകയില്ല. " എന്റെ നാമത്തിൽ നിങ്ങൾ ചോദിക്കും, ഞാൻ ചെയ്തുതരും ". എന്താണ് ക്രിസ്തുവിന്റെ നാമത്തിൽ ചോദിക്കുന്നത്, അവിടുത്തോടുള്ള കൂട്ടായ്മയിൽ തന്റെ പ്രകൃതിയിലും ആത്മാവിലും, നമുക്കു കിട്ടും. ക്രിസ്തുവിന്റെ പ്രാർത്ഥനാ സ്വാഭാവം നമ്മിൽ ഇരിക്കുന്നു എന്ന നിലയിൽ തന്റെ പ്രാർത്ഥനയുടെ ശക്തി നമ്മുടേതും ആവുകയാണ്. നമ്മിൽ വസിക്കുവാൻ ക്രിസ്തു ആഗ്രഹിക്കുന്നതുപോലെ നമ്മുടെ വിശ്വസ്തതയും സമ്പൂർണ്ണ സമർപ്പണവും, നമ്മുടെ ആത്മീയ ജീവിതത്തിന്റെ ആളവും ആത്മീയ യോഗ്യതയും അവിടുത്തെ നാമത്തിൽ പ്രാർത്ഥിപ്പാനുള്ള ശക്തി തരുന്നു.

" നിങ്ങൾ എന്നിൽ വസിച്ചാൽ" അവിടുന്ന് പറയുന്നു, "നിങ്ങൾ ഇച്ചിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പിൻ " (യോഹ. 15:7). നമ്മൾ ക്രിസ്തുവിൽ വസിച്ചാൽ, അവിടുത്തെ നാമത്തിൽ ആത്മശക്തി നമുക്കു കിട്ടും. ഒരു കൊമ്പ് പൂർണ്ണമായി മുന്തിരിവള്ളിയെ ഉപേക്ഷിച്ച് അതിന്റെ സേവനം വേണ്ടെന്ന് വച്ചാൽ അതിന്റെ കറയും ശക്തിയും ഇല്ലാതായി ഫലവും ഇല്ലാതെയാവും, എന്നാൽ ഒരു വിശ്വാസി വിശ്വാസത്താൽ വിശ്വാസം അംഗീകരിക്കപ്പെട്ട് ആത്മാവിന്റെ ശക്തിയെ പൂർണ്ണമായി വിധേയപ്പെട്ട് ജീവിച്ചാൽ അവന് നിശ്ചയമായും ക്രിസ്തുവിന്റെ ശക്തി പ്രാപിച്ച് അവന്റെ നാമത്തിൽ വളരുവാൻ ഇടയായിത്തീരും.

ഇവിടെ ക്രിസ്തു ഭൂമിയിൽ മനുഷ്യനായി വന്നു പ്രാർത്ഥന എന്ത് എന്ന് വെളിപ്പെടുത്തി. യേശു പ്രാർത്ഥിച്ചതുപോലെ നാം ഭൂമിയിൽ പ്രാർത്ഥിക്കേണ്ടതാണ്,. താൻ പ്രാർത്ഥിക്കാൻ പഠിപ്പിച്ചതുപോലെ പിതാവുമായുള്ള കൂട്ടായ്മയിൽ സ്വർഗ്ഗത്തിൽ നമുക്കായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. നാം സ്നേഹത്തിൽ ജീവിക്കുക, പഠിക്കുക, വിശ്വാസത്താൽ നല്ല മാതൃകയായി ഗുരുവായി മദ്ധ്യസ്തനായി അവിടുത്തെ ഏറ്റുകൊള്ളുക.

യാഥാർത്ഥ്യമാക്കുക, ക്രിസ്തു പ്രാർത്ഥനയിൽ ധാരാളം സമയം ചെലവഴിച്ചു, തന്റെ ജീവിതത്തിലെ മഹാസംഭവങ്ങളെ ബന്ധപ്പെടുത്തി പ്രാർത്ഥിച്ചു. നാമും നമ്മെ സമ്പൂർണ്ണമായി സമർപ്പിച്ച് ഇടമുറിയാതെ നേരിട്ടുള്ള ബന്ധത്തിൽ ജീവിച്ച് സ്വർഗ്ഗീയ അനുഭവത്തിൽ സ്വർഗ്ഗീയമായ ശക്തിയിൽ മുമ്പോട്ടു പോകാം. ❖

ക്രിസ്തുവിന്റെ ആത്മാവിനാൽ നിറഞ്ഞിരിക്കുന്നു

By A.B Simpson

" ആത്മാവ് നിറഞ്ഞവനായി..... " (എഫെ.5:18).

" എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങൾ പരീപൂർണ്ണരായിരിക്കുന്നു " (കൊലൊ.2:10).

രണ്ട് വാക്യങ്ങളിലും " നിറവ് " എന്ന വാക്ക് ശ്രദ്ധേയമാണ്. ഗ്രീക്കു പദത്തിന്റെ അർത്ഥം നിറഞ്ഞിരിക്കുന്നു എന്നാണ്, അതുകൊണ്ട് ഒരു മുറിയും ഒഴിഞ്ഞതായി കാണപ്പെടുന്നില്ല. ഈ ചിന്ത പരിശുദ്ധാത്മാവിന്റെ സഹായി, അതിന് ഊന്നൽ കൊടുത്തു പറയുകയാണ്. ഇത് പരിശുദ്ധാത്മാവിന്റെ അളവാണ് എന്നർത്ഥമില്ല, ക്രിസ്തുവിന് നല്ല അംഗീകാരം കൊടുത്തിരിക്കുന്നു, എന്നാൽ മുഴുവനും നിറഞ്ഞിരിക്കുന്നു, അവകാശമാക്കിയിരിക്കുന്നു. പരിശുദ്ധാത്മാവ് അക്ഷരികമായി ജീവിതത്തിൽ നിന്നും നഷ്ടമായിരിക്കുന്നു, പരിശുദ്ധാത്മാവിന്റെ നിറവും നഷ്ടമായിരിക്കുന്നു. ഇത് നിറവിന്റെ പൂർണ്ണതയാണ്. അത് അനുഗ്രഹത്തിന്റെ പൂർണ്ണമായ ജീവിതത്തിൽ കൊണ്ടുവരുന്നു. ഒരു ഉറവ, അതിന് നിറവുണ്ടായെങ്കിലേ, അതിൽ നിന്നും ഒരു പകർച്ച സാദ്ധ്യമാകൂ. ഒരു നദി നിറവിന്റെ പകുതിയിലായിരിക്കുന്നു എങ്കിൽ ആ വെള്ളത്തിന് ശക്തിയുണ്ടായിരിക്കുകയില്ല. പകുതി നിറഞ്ഞ ഒരു ഹൃദയം ഒരിക്കലും അറിയുന്നില്ല, " എന്നാൽ, സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും " (ഫിലി. 4:7). അകത്തുനിന്നും ഒരു ഒഴുക്ക് ഉണ്ടാകയില്ല, " ജീവജലത്തിന്റെ നദികൾ ഒഴുകും " (യോഹ. 7:30).

നിറവിന്റെ സ്വാഭാവം

നിറവ് ഒരു ജീവിക്കുന്ന വ്യക്തിയുമായി ബന്ധപ്പെട്ടിരിക്കുന്നു. നമ്മൾ നിറയപ്പെട്ടിരിക്കുന്നത് ഒരു പ്രേരണയാലല്ല; നാം നിറയപ്പെട്ടിരിക്കുന്നത് കുറച്ച് ആശയങ്ങളാലും സത്യങ്ങളാലുമല്ല; നാം നിറയപ്പെട്ടിരിക്കുന്നത് ഒരു അനുഗ്രഹത്താലല്ല; എന്നാൽ നാം ഒരു വ്യക്തിയാലാണ് നിറയപ്പെട്ടിരിക്കുന്നത്. ഇത് വളരെ അപരിചിതമാണ് ഉത്തേജനപ്രദമാണ്. ഇത് മറ്റെല്ലാ പടിപ്പിക്കലുകളിൽ നിന്നും തികച്ചും വ്യത്യസ്ഥമാണ്. മാനുഷികമായി എല്ലാ തത്വജ്ഞാനങ്ങളും മാനങ്ങളും എല്ലാം പ്രധാനമായി മനുഷ്യന്റെ ബുദ്ധിയിൽ അധിഷ്ഠിതമാണ്, ധാർമ്മികമായ

(ശേഷം 6-ാം പേജിൽ)

(5-ാം പേജിന്റെ തുടർച്ച)

ക്രിസ്തുവിന്റെ ആത്മാവിനാൽ നിറഞ്ഞിരിക്കുന്നു

പ്രമാണങ്ങളും പുറമേയുള്ള പ്രവൃത്തികളുമാണ്. കൺഫ്യൂഷനിസം എന്നത് ധാർമ്മികതയെ സംബന്ധിച്ച കുറേ കാര്യങ്ങളാണ്. യഹൂദമതം കുറെ നിയമങ്ങലും ആചാരങ്ങളുമാണ്. ക്രിസ്ത്യാനിത്വം എന്നത് ഒരു ജീവിക്കുന്ന വ്യക്തിയാണ്. പ്രധാന ആശയം എന്നത് ക്രിസ്തു ഉള്ളിൽ ജീവിക്കുന്ന അനുഭവമാണ്. ക്രിസ്തു ഇതിനും തലവനും സ്ഥാപകനും മാത്രമല്ല അവിടുന്ന് എന്നേയ്ക്കും ഇതിന്റെ ഹൃദയവും സാരാംശവുമാണ്, പരിശുദ്ധാത്മാവ് ഇതിന് ഒരു ഏജന്റും വഴിയുമാണ്, പരിശുദ്ധാത്മാവ് ഉള്ളിൽ പ്രവേശിക്കുന്നു, അധിവസിക്കുന്നു, പ്രവർത്തിക്കുന്നു, ഏകാഗ്രതയുള്ള ഹൃദയങ്ങളിലൂടെ ഇത് എളിമത്വത്തിലേയ്ക്ക് ക്രിസ്ത്യാനിയെ നയിക്കുന്നു. അത് പകർന്ന് വിവിധ ഭാഗങ്ങളിലായി, വിവിധങ്ങളായ ശ്രേഷ്ഠ അനുഭവങ്ങളിലൂടെ, ആശയങ്ങളിലൂടെ സ്വാധീനങ്ങളിലൂടെ എന്നാൽ, ഒരുവൻ വ്യക്തിപരമായ ജീവിതത്തിലേക്ക് ക്ഷണിക്കുന്നു, ജീവിതത്തിനും നിറവിനും വേണ്ടി, അങ്ങനെ ജീവിതത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ഒഴുകി വിവിധ അനുഭവങ്ങളിലൂടെ വിവിധ പ്രവർത്തനങ്ങളിലൂടെ നമ്മുടെ ധാർമ്മിക ജീവിതത്തെ കാത്തു സൂക്ഷിക്കുന്നു.

നമുക്ക് ഇതിനെ യാഥാർത്ഥ്യമാക്കാം, പ്രിയരേ, ദൈവം നമ്മെ സൃഷ്ടിച്ചു, സ്വാർത്ഥതയിലധിഷ്ഠിതമായ ലോകത്തിന്റെ ശക്തിയും പൂർണ്ണതയിലും അല്ല എന്നാൽ ലളിതമായ കഴിവിൽ അവിടുത്തെ നിറവിൽ ആശ്രയിച്ചു, ജീവനുള്ള വിത്തിനു കിളിർത്തു വളരുവാനുള്ള ഒരുക്കമുള്ള മണ്ണായി, പോഷണമുള്ള അരുവികളായി, ഫലം പുറപ്പെടുവിക്കുന്ന, കർത്താവിനോട് കൂട്ടായ്മ ആചരിക്കുന്ന കൃപയുടെ ഫലങ്ങളുമായി നിലനിൽക്കുവാൻ നമ്മെ ഏല്പിക്കാം. അടുത്തതായി, ദൈവം ക്രിസ്തുവിനെയും പരിശുദ്ധാത്മാവിനെയും നമുക്കായി ഒരുക്കിയിരിക്കുന്നു, അത് ക്രിസ്തുവിന്റെ ആത്മാവാണ്. നമുക്ക് നമ്മുടെ പ്രാപ്തിയിലും കഴിവിലും കാണുവാനും അനുഭവിപ്പാനും, അതായത്, നാം അവിടുത്തെകൂടാതെ ഒന്നുമില്ല, തന്റെ ജീവിതവും കൃപയും തുല്യമായി ആവശ്യപ്പെടുന്നത് പൂർണ്ണമായ വ്യത്യാസമാണ്. തന്റെ ജീവിക്കുന്ന പുത്രനിലേക്ക് ദൈവം തന്റെ എല്ലാ നിറവുകളും പകർന്നു, “അവനിലല്ലോ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത് ” (കൊലൊ. 2:9). പരിശുദ്ധാത്മാവ് നമുക്കു വലിയ ഒരു സംഭരണിയും സംവിധാനങ്ങളുമായി വിതരണം ചെയ്യുന്ന പൈപ്പുകളായും ചാനലുകളായും, അതിലൂടെ ദൈവത്തിന്റെ നിറവുകൾ നമ്മിലേയ്ക്കൊഴുകി, അതിൽ ഒന്നും മനുഷ്യനോട് ദൈവം ആവശ്യപ്പെടാതെ ദൈവം എപ്പോഴും നമ്മിൽ നിന്നും ആഗ്രഹിക്കുന്നതുമായ ക്രിസ്തുവിന് നമ്മുടെ ജീവിതത്തെ കൊടുത്തു, എന്നാൽ നമ്മുടെ ആവശ്യങ്ങളിൽ ശരിയായ ക്രമീകരണം വരുത്തി, കർത്താവിനെ ജീവിതത്തിലേക്കു സ്വീകരിക്കുക. അതാണ് ഈ വചനത്തിന്റെ യഥാർത്ഥമായ അർത്ഥം, “അവന്റെ നിറവിൽ നിന്ന് നമുക്ക് എല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു. ന്യായപ്രമാണം മോശെ മുഖാന്തരം ലഭിച്ചു, കൃപയും സത്യവും യേശുമുഖാന്തരം വന്നു ” (യോഹ. 1:16,17) മറ്റെല്ലാ രീതികളും ആശയപരമായിട്ടാണ് അഥവാ കല്പനകളും ന്യായപ്രമാണങ്ങളും നമ്മിൽ നിന്നും ആവശ്യപ്പെടുന്നതും അതാണ്. എന്നാൽ ക്രിസ്തു ശക്തിയും കൃപയും പകർന്നു തന്നു. അവയൊക്കെയും യാഥാർത്ഥ്യമാക്കി നമ്മുടെ ഹൃദയങ്ങളിൽ യാഥാർത്ഥ്യവും സാരാംശവുമായും പകർന്നു തന്നു. അവിടുന്നാണ് നമുക്ക് ഏറ്റവും വലിയ മാതൃക. എന്നാൽ അവിടുന്ന് പദ്ധതികളെക്കാളും മാതൃകകളെക്കാളും വലിയവൻ ആണ്, നാം എന്തായിരിക്കേണം എന്നും നാം തന്നെ അറിഞ്ഞിരിക്കേണമെന്നും ആവശ്യപ്പെടുന്നു. അവിടുന്ന് ജീവിക്കുന്ന നേതൃത്വവും സകലത്തിന്റെയും കാരണഭൂതനുമായി, അവിടുന്നു തന്നെത്താൻ വെളിപ്പെടുത്തി, നമ്മെ ജനിപ്പിച്ച് തന്റെ ശക്തി നമ്മിൽ പകർന്നു തന്നു, തന്റെ സ്വന്ത ശക്തിയാൽ നമ്മെ നിലനിർത്തിയിരിക്കുന്ന നമ്മെ പോറ്റിപുലർത്തി തന്റെ പരിശുദ്ധാത്മാവിനാൽ നിറെച്ച് നമ്മെ നിർത്തിയിരിക്കുന്നു.

നമ്മുടെ ജീവിതത്തിന്റെ ഓരോ ഭാഗത്തിന്റെയും നിറവ് ക്രിസ്തുവാണ്. നിറവിന്റെ ആശയം സൂചിപ്പിക്കുന്നത്, സർവ്വ ലൗകികമായ നിറവിന്റെ പൂർണ്ണതയും അവിടുത്തെ ഹിതം അനുസരിച്ചാണിരിക്കുന്നത്. ജീവിതത്തിന്റെ ഒരു ഭാഗം നിറയപ്പെട്ടില്ലെങ്കിൽ നാം നിറയപ്പെട്ടില്ല എന്നാണ് അർത്ഥം. ഇത് നമ്മുടെ പൂർണ്ണ രക്ഷയ്ക്കുവേണ്ടി ചെയ്യുന്ന പ്രവർത്തിയാണ്.

മനുഷ്യന്റെ രക്ഷയ്ക്കാവശ്യമായ സമ്പൂർണ്ണ നിറവ് അവിടുന്ന് നൽകുന്നു, നമ്മുടെ വീണ്ടെടുപ്പിനും, നിരപ്പിനും, നീതീകരണത്തിനും ആവശ്യമായ എല്ലാ നിബന്ധനകളും അതിൽ ഉൾപ്പെടുന്നു. അവിടുന്ന് നമ്മുടെമേൽ ചുമത്തിയിരുന്ന എല്ലാ കുറ്റങ്ങളും തന്റെ സ്വന്തം പാപപരിഹാരത്താൽ എടുത്തു മാറ്റി, തന്റെ സ്വന്തം വാക്കുകളിൽ അതു പറഞ്ഞിരിക്കുന്നു, “ സകലവും നിവർത്തിയായി. അപൂർണ്ണങ്ങളായി നിയമങ്ങളെ നമ്മിൽ നിന്നും എടുത്തു മാറ്റി, ദു:ഖകരവും താഴ്ചയുള്ളതുമായ തോൽവികളുടെ അതിക്രമങ്ങളുടെ പാപങ്ങളുടെ രേഖകളെ എടുത്തു മാറ്റി, നിറെച്ചു പുതിയ രേഖ നമുക്കായി എഴുതി, “വിശ്വസിക്കുന്ന ഏവനും നീതി ലഭിപ്പാൻ ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനം ആകുന്നു” (റോമ.10:4). അവൻ പ്രീയനായവനിൽ നമുക്കു നൽകിയ കൃപാമഹത്വത്തിന്റെ പുകഴ്ചയ്ക്കായി സ്നേഹത്തിൽ നമ്മെ മുന്നിയമിക്കയും ചെയ്തുവല്ലോ (എഫെ. 1:6). “ പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതിയാകേണ്ടതിന്, അവൻ നമുക്കു വേണ്ട പാപം ആക്കി ” (2കൊരി. 5:21).

“ അതുകൊണ്ട് നാം തലയായ അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു (കൊലൊ. 20:10). ഏകയാഗത്താൽ അവൻ വിശുദ്ധീകരിക്കപ്പെടുന്നവർക്ക് സദാകാലത്തേയ്ക്കും സൽഗുണപൂർത്തിവരുത്തിയിരിക്കുന്നു ” (എബ്രാ. 10:14). അങ്ങനെ അവിടുന്ന് നമ്മെ പൂർണ്ണമായി രക്ഷിച്ചു. നമ്മുടെ പാപങ്ങൾ ഇല്ലാതാക്കിയിരിക്കുന്നു.

ഇപ്പോൾ, പ്രിയമുള്ളവരേ ഏറ്റവും ശ്രേഷ്ടമായ കാര്യം എന്നത്, കഴിഞ്ഞ കാല പാപങ്ങളെയും അകൃത്യങ്ങളെയും എല്ലാം എന്നേയ്ക്കുമായി നീക്കി എന്നേയ്ക്കുമുള്ള രക്ഷ സാദ്ധ്യമാക്കി. ആ രക്ഷയെ അംഗീകരിക്കുന്ന നമുക്ക് ക്രിസ്തുവിന്റെ എല്ലാ നിറവുകളാലും നിറെച്ച് അവിടുത്തെ സന്നിധിയിലേക്ക് തടസം കൂടാതെ പ്രവേശിക്കുവാൻ കൃപ നൽകിയിരിക്കുന്നു. എന്നാൽ ആത്മാവിന്റെ നിറവിൽ വരുന്ന അപൂർണ്ണതകൾ എല്ലാവിധ മേഖലകളെയും അത് ബാധിക്കുന്നു. ക്രിസ്തു നമ്മുടെ വീണ്ടെടുപ്പിന്റെ വേലയെല്ലാം പൂർത്തിയാക്കി, നാം അവിടുത്തെ സ്വീകരിക്കുമ്പോൾ, പൂർണ്ണമായ നിത്യമായ രക്ഷ നമുക്ക് സാദ്ധ്യമായിത്തീരുന്നു.

വീണ്ടും ക്രിസ്തു നമ്മുടെ വിശുദ്ധീകരണത്തിന്റെ ആഴ

(ശേഷം 7-ാംപേജിൽ)

(6-ാം പേജിന്റെ തുടർച്ച)

ക്രിസ്തുവിന്റെ ആത്മാവിനാൽ നിറഞ്ഞിരിക്കുന്നു

മായ ആവശ്യങ്ങളെ നിറയ്ക്കുന്നു. അവിടുത്തെ പാപപരിഹാരയാഗത്താലും കൃപയുടെ ജീവിതത്തിനും ആവശ്യമായതെല്ലാം ദൈവം ഒരുക്കിതന്നു. അവിടുത്തെ അംഗീകരിക്കുന്ന ഏവർക്കും സൗജന്യമായി, ഈ സമ്പൂർണ്ണ രക്ഷ, യേശുവിൽ കൂടി മാത്രമായി നമുക്കായി നൽകി. “ നിങ്ങളോ അവനാൽ ക്രിസ്തുയേശുവിൽ ഇരിക്കുന്നു. അവൻ നമുക്കു ദൈവത്തിങ്കൽ നിന്ന് ജ്ഞാനവും നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പുമായിത്തീർന്നു ” (1കൊരി. 1:30). വിശുദ്ധീകരണം എന്നത് പാപകാരണമായ സ്വയത്തിന്റെ മരണമാണോ? അതെ, ഇത് തന്നോടൊപ്പം കാൽവറിക്രൂശിൽ തറച്ചു, നമ്മുടെ സമർപ്പണത്താൽ ഇതിനെ അവിടുത്തേയ്ക്കു കൈമാറി, അവിടുന്ന് ഇതിനെകൊണ്ട് എന്നേയ്ക്കുമായ അവിടുത്തെ കല്ലറയിൽ അടക്കം ചെയ്തു. വിശുദ്ധീകരണം എന്നത് വിശുദ്ധിയുടെ പുതിയ ജീവിതം ആണോ, നീതിയും സമാധാനവും സന്തോഷവും ഉള്ള പരിശുദ്ധാത്മാവിനാലുള്ള ജീവിതമാണോ? യഥാർത്ഥമായി അതാണ് സത്യം, ക്രിസ്തുവാണ് നമ്മുടെ ജീവൻ, നമ്മുടെ സമാധാനം, നമ്മുടെ വിശുദ്ധി, നിറഞ്ഞൊഴുകുന്ന ദൈവസമാധാനം.

വീണ്ടും, അവിടുന്ന് നമ്മുടെ ഹൃദയത്തിന്റെ നിറവാണ്. നമ്മുടെ ഹൃദയത്തിൽ പരിശുദ്ധമായൊരിടം നമുക്ക് ചിന്തിക്കുവാനില്ല, നമുക്ക് ആലോചന തന്ന് നമ്മെ നടത്തുവാനൊരിടം നമുക്കില്ല, നമ്മുടെ ഇഷ്ടത്തെയും ആഗ്രഹത്തെയും നിയന്ത്രിക്കുന്ന ഒരു സുരക്ഷിത ഇടം നമുക്കില്ല. എന്നാൽ ക്രിസ്തു നമുക്ക് തന്റെ ഹൃദയം തരുന്നു, ഒപ്പം തന്റെ ആത്മാവിനെയും, അവിടുത്തെ സ്നേഹം നമുക്കു തരുന്നു, അത് പിതാവായ ദൈവത്തെ സ്നേഹിച്ചു, ആത്മാവ് മനസ്സ്, ജീവൻ, ബലം എന്നിവയും (ലൂക്കൊ. 10:27), ആ സ്നേഹം കർത്താവ് മറ്റുള്ളവരെ സ്നേഹിച്ചതുപോലെ അന്യോന്യം സ്നേഹിപ്പാനുള്ള ഹൃദയം (യോഹ. 13:34, 15:12). അതെ, അനുഗ്രഹിക്കപ്പെട്ട ഒരുവൻ നമുക്കുണ്ട്. അവിടുന്ന് എല്ലാ നിറവിനാലും നിറയ്ക്കുന്നവൻ നിത്യമായി നമ്മെ സഹായിക്കുന്നവൻ, വിവിധങ്ങളായ ആവശ്യങ്ങളിൽ സഹായകൻ, നമുക്കു മതിയായവൻ, മറ്റുള്ളവരുടെ വേദനകളിലും ഭാരങ്ങളിലും സഹതാപം കാണിപ്പാൻ കഴിയുന്നവൻ.

വീണ്ടും ക്രിസ്തു നമ്മുടെ ബുദ്ധിപരമായ എല്ലാ ആവശ്യങ്ങളിലും മതിയായവൻ ആണ്. നമ്മുടെ മാനസികമായ കഴിവുകൾ മനസ്സിലാക്കുവാൻ നമ്മുടെ ധനശേഷിക്കോ, ആത്മിക ശക്തിക്കോ കഴിയുകയില്ല. എന്നാൽ തന്റെ ജീവിതത്തിന്റെ കരുണയുള്ള പാത്രങ്ങളായി, അവിടുത്തെ ബുദ്ധി നമ്മുടേതായിരുന്നപ്പോൾ അവിടുത്തെ ഹിതത്തിനായി സമർപ്പിച്ച് വിശുദ്ധ ജീവിതം നയിക്കുവാനാരംഭിക്കുമ്പോൾ നമ്മുടെ ജീവിതം ധന്യമായത്തീരുന്നു. അവിടുന്നു നമ്മിൽ ചിന്തിക്കുന്നു, ഓർക്കുന്നു, വിധിക്കുന്നു, സ്ഥിരതയെ നമ്മിലുണ്ടാക്കുന്നു, സത്യത്തിന്റെ ചിന്താഗതികളെ നേരെയാക്കുന്നു, ആത്മാവിന്റെ അഗ്നി നമ്മിൽ പകർന്നു തരുന്നു. വസ്തുതകളെ പ്രകാശിപ്പിക്കുന്നു. ഇല്ലാതാക്കുന്നു, സംസാരങ്ങളെ നിയന്ത്രിക്കുന്നു. എല്ലാ സംവിധാനങ്ങളുമുള്ള ഒരു ജോലിക്കാരനെപ്പോലെ കാര്യങ്ങളെ നിയന്ത്രിക്കുന്നു. “ സത്യവചനത്തെ യാഥാർത്ഥ്യമായി പ്രസംഗിച്ചുകൊണ്ട് ലജ്ജിക്കാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിന് കൊള്ളാകുന്നവനായി നില്പാൻ ശ്രമിക്ക ” (2തിമൊ.2:15). ശുഷ്കാന്തിയോടും വിശ്വസ്തയോടും അവിടുത്തെ വേലയിൽ നമ്മെ നയിക്കുന്നു എന്ന നിലയിൽ നമ്മുടെ പോക്കിലും വരവിലും അവിടുത്തെ ഉദ്ദേശത്തിന് സമർപ്പിച്ചു മുന്നേറേണ്ടത് ആവശ്യമാണ്. നാം ദൈവത്തിൽ നിന്നും പഠിക്കേണം. ചിലപ്പോൾ പടിപടിയായി, ചിലസമയം പതുക്കെ എന്നാൽ, സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നമ്മെ സകല സത്യത്തിലും വഴിനടത്തും (യോഹ. 16:13), യഹോവ എനിക്കു വേണ്ടി സമാപ്തി വരുത്തും (സങ്കീ. 138:8). നമ്മുടെ വിദ്യാഭ്യാസം, കർത്താവിന്റെ വേലയ്ക്കുവേണ്ടിയുള്ള ഒരുക്കം ഇഷ്ടം; ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ പ്രേരണ, താൻ പൂർത്തിയാക്കുന്ന പ്രവർത്തിയുടെ ഫലം, ബുദ്ധിയെ പ്രകാശിപ്പിച്ച് മാനുഷിക ബുദ്ധിക്കതീതമായി ഒരിക്കലും പ്രതീക്ഷിക്കാത്ത വിദ്യാഭ്യാസ മേഖലകളിലെ ഉയർച്ചകളും നൽകുന്നു.

വീണ്ടും, നമ്മുടെ ശാരീരികമായ ആവശ്യങ്ങളെ നിറവേറ്റുന്നു, നമ്മുടെ ശരീരത്തെ ഒരുക്കി, പുനരുദ്ധാനത്തിന്റെ ശക്തിയാൽ, ശരീരത്തിന് ബലം നൽകി, സഭയിലെ ഓരോ അംഗത്തിനും വേണ്ടുന്ന തരത്തിലുള്ള ശക്തി നൽകി, മാനുഷിക ജീവിതത്തിന്റെ എല്ലാ സമ്മർദ്ദങ്ങൾക്കും എല്ലാ ശാരീരിക പ്രശ്നങ്ങൾക്കും പഹിരാരം നൽകി രോഗത്തിന്റെ എല്ലാ കെണികളിൽ നിന്നും വിടുതൽ നൽകി, കഷ്ടതയിൽ നിന്നും അപകടങ്ങളിൽ നിന്നും വിടുവിച്ച് സൂക്ഷിക്കുന്നു. വീണ്ടെടുക്കപ്പെട്ട നമ്മുടെ ശരീരത്തിന്റെ സത്യമായ ജീവനാണ് ക്രിസ്തു, പരിശുദ്ധാത്മാവിന്റെ ശക്തി പകർന്ന് നമ്മുടെ മർത്യശരീരങ്ങളെ ഉദ്ധരിക്കുന്നു, പരിശുദ്ധാത്മാവ് വസിക്കുന്നു എന്ന നിലയിൽ, തലയാകുന്ന ക്രിസ്തുവിൽ നിന്നും ഒരു പ്രകൃത്യാതീതമായ ഒരു ഭാവം നാം സ്വീകരിക്കുന്നു.

വീണ്ടും ക്രിസ്തു നമ്മുടെ എല്ലാ സാഹചര്യങ്ങളിനുമുള്ള കരുതൽ നൽകുന്നു, നമ്മുടെ സാധാരണ ജീവിതത്തിൽ അഭിമുഖീകരിക്കുന്ന എല്ലാ ആവശ്യങ്ങളിലും, നമ്മുടെ സഹായകനാണ്. കർത്താവിൽ നിന്നും വരുന്നവനായിട്ടല്ലാതെ ആരുമില്ല, അവിടുത്തെ കരുതലും ഒരു പ്രത്യേക നിലയിലാണ്. അനുദിനം നമ്മുടെ ജീവിതത്തിന്റെ ഓരോ ദിവസങ്ങളിലും ദൈവത്തിൽ ആശ്രയിക്കുന്ന, ജീവിതത്തിന്റെ ഓരോ ദിവസങ്ങളിലും പുതിയ അത്ഭുതങ്ങളാൽ നടത്തി, അന്ധകാരത്തെ വെളിച്ചമാക്കി, പ്രയാസങ്ങളെ വിജയമാക്കി മാറ്റി, ദു:ഖത്തെ സന്തോഷമാക്കി, ഭൗതികമായതിനെ സ്വർഗ്ഗീയമായതാക്കി, കർത്താവു താൻ കൃപയിലും ശക്തിയിലും തന്നെതന്നെ വെളിപ്പെടുത്തി. എണ്ണമില്ലാത്ത സാക്ഷികളിലൂടെ ഉയർത്തി, ഒരു പ്രസംഗവും കേൾക്കാതെ, കൃപയുടെ പാഠങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കാതെ, എന്നാൽ മനുഷ്യകുലത്തിനു ദൈവം തന്റെ മഹത്വം വെളിപ്പെടുത്തി.

വീണ്ടും, ക്രിസ്തു നമ്മുടെ കഴിവുകളെ നിറയ്ക്കുന്നു. അവിടുന്നു നമ്മുടെ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും നിറവാണ്. അവിടുന്ന് ഉണ്ടാക്കിയ ആത്മാക്കളുടെ യഥാർത്ഥ ഓഹരിയാണ്. മുഴുവനായി അവരെ നിറെയ്ക്കുന്നു, ഭയത്തിന് ലവലേശവും സ്ഥാനമില്ല.

ഒടുവിലായി, ക്രിസ്തു അടിസ്ഥാന ആവശ്യത്തെ നിറയ്ക്കുന്നു, അതിലാണ് മറ്റു വിധത്തിലുള്ള അവിടുത്തെ നിറവുകൾ ആശ്രയിച്ചിരിക്കുന്നത്, പേരിൽ വിശ്വാസത്താൽ അവിടുത്തെ സ്വീകരിക്കുന്നു. ക്രിസ്തു നമ്മിൽ ആകുന്ന അനുഭവം കൂടെയാണ്. നമ്മുടെ പരിശ്രമം ഉന്നതവും കടുപ്പമുള്ളതുമായ പ്രവർത്തി ആണെങ്കിൽ പോലും ദൈവത്തിൽ ആശ്രയിക്കുക, വിശ്വാസ ജീവിത

(ശേഷം 8-ാംപേജിൽ)

(2-ാംപേജിന്റെ തുടർച്ച)

ക്രിസ്തുവിന്റെ മഹത്വം

വിശ്വാസം ചെന്നെത്തി. ഞങ്ങൾ അവിടുത്തെ, തേജസ്സു കണ്ടു, ഓരോന്നോരോന്നായി തന്റെ ആടുകളെ തന്റെ അടുക്കൽ കൊണ്ടുവരുന്നത് ഞങ്ങൾ കണ്ടു, തന്റെ പ്രാർത്ഥന ഞങ്ങൾ കേട്ടു, പിതാവേ, “ നീ ലോകസ്ഥാപനത്തിനു മുമ്പേ എന്നെ സ്നേഹിച്ചിരിക്കകൊണ്ട് എനിക്ക് നൽകിയ മഹത്വം നീ എനിക്കു തന്നിട്ടുള്ളവർ കാണേണ്ടതിന് ഞാൻ ഇരിക്കുന്നിടത്ത് അവരും എന്നോടുകൂടെ ഇരിക്കേണം എന്ന് ഞാൻ ഇച്ഛിക്കുന്നു ” (യോഹ. 17:24). രക്ഷയുടെ രഥമേറിയ പട്ടിണിപാവങ്ങൾക്കുവേണ്ടി ഇരുകൈകളും നീട്ടി മുന്നേറുന്നവനെ ഞങ്ങൾ കണ്ടു, ഞങ്ങൾ അവിടുത്തോട് പ്രാർത്ഥിച്ചു, “ വീരനായുള്ളോവേ, നിന്റെ വാൾ അരയ്ക്കു കെട്ടുക, നിന്റെ തേജസ്സും നിന്റെ മഹിമയും തന്നേ ” (സങ്കീ. 45:3).

പലപ്പോഴും നമ്മുടെ പ്രാർത്ഥന, വരണമേ, പ്രിയ കർത്താവേ, സ്വർഗ്ഗം അവിടുത്തെ അനുസരിക്കുന്നു, നിന്റെ സാന്നിദ്ധ്യത്തിൽ ഭൂമി വിറയ്ക്കുന്നു, നരകം നിന്റെ മുമ്പിൽ ഭയപ്പെടുന്നു, ദുഷ്ടൻ നിന്റെ മുമ്പിൽ നടുങ്ങുന്നു. വരേണമേ, നിന്റെ അമ്പ് വില്ലിന്മേൽ വച്ച്,. ഉയർത്തി അത് മിന്നുന്നതായിത്തീരട്ടെ ആർക്ക്, ആർക്കു നില്പാൻ കഴിയും. നിൻ മുമ്പിൽ, നിന്റെ സാന്നിദ്ധ്യത്തിൽ? കാറ്റിൽ പതിർ പോലെ അവർ പാറിപോകട്ടെ, തീയിൽ ചണ്ടികൾ പോലെ അവർ തീയിൽ ഉരുകിപ്പോകട്ടെ.

കാര്യങ്ങൾക്കൊക്കെയും ഒരു അവസാനം നാം കാണുവാൻ ദൈവം ഞങ്ങളെ സഹായിച്ചു, വിശ്വാസത്താൽ തന്റെ രണ്ടാം വരവ് ഞങ്ങൾ കാണുന്നു; ഞങ്ങൾ അവിടുത്തെ മഹത്വം കണ്ടു, പിതാവിന്റെ ഏകജാതനായവന്റെ തേജസായി കണ്ടു. അവിടുന്നു വരുന്നു, ഞങ്ങൾ കാണും.

“ എന്നാൽ തേജസ്സോടെയല്ല ഒരിക്കൽ താഴ്ചയിൽ അവിടുന്ന് വന്നു,

ഒരു ശാന്തനായ ആട്ടിൻകുട്ടിയായ് അവിടുത്തെ ശത്രുക്കളുടെ മുമ്പിൽ, ഒരു ക്ഷീണിതനായി മനുഷ്യനായി വ്യസനപൂർണ്ണനായി ”.

ഞങ്ങൾ അവിടുത്തെ കണ്ടു

“ ഭയങ്കരമായ രീതിയിൽ

മഴവില്ലോടുകൂടി കിരീടധാരിയായി, കൊടുങ്കാറ്റിനെ വസ്ത്രമാക്കി കെരൂബിൻ ചിറകിൽ, കാറ്റിന്റെ ചിറകുകളിൽ നിയമിക്കപ്പെട്ട സകലരുടെയും ന്യായാധിപതിയായി ”!

അതിന്റെ ശേഷം ന്യായവിധിയെ ഞങ്ങൾ കണ്ടു; ദൈവത്തിന്റെ മഹത്വം താങ്ങുവാൻ കഴിയാതവണ്ണം ഭൂമിയെ ചുരുൾ പോലെ ചുരുട്ടുന്നത് ഞങ്ങൾ കണ്ടു; അവിടുത്തെ ശത്രുക്കളുടെ നിലവിളി ഞങ്ങൾ കേട്ടു; തീയിൽ മെഴുക് ഉരുകുന്നതുപോലെ അവർ ഉരുകുന്നത് ഞങ്ങൾ കണ്ടു; അക്ഷികമായി മുട്ടാടുകളുടെ മേദസ് തന്റെ യാഗപീഠത്തിൽ എരിയുന്നതായി ഞങ്ങൾ കണ്ടു. അവസാനം വിശ്വാസത്താൽ, ഞങ്ങൾ കണ്ടു, രാജത്വം ദൈവത്തിന് കൈമാറുന്നത് ഞങ്ങൾ കണ്ടു, പ്രത്യേകിച്ച്, ഞങ്ങളുടെ പിതാവിന്, ഞങ്ങൾ കേട്ടു, ഞാൻ പറയുന്നു, ചരിത്രത്തിലെ അവസാന വാക്ക്, വിജയത്തിന്റെ ശബ്ദം.

“ നോക്കൂ, യഹോവയുടെ കൊടി അതു ചുരുട്ടുക,
വാൾ ഉറയിൽ ഇടുക
അവിടുന്ന് സംസാരിക്കുന്നു,
ഇത് ചെയ്തു തീർന്നു!
ഈ ലോകത്തിന്റെ രാജത്വമെല്ലാം അവിടുത്തെ പുത്രന് ആയിത്തീർന്നു ”.

“ അപ്പോൾ അവസാനം – അവിടുത്തെ ചെങ്കോലിൻ കീഴെ മനുഷ്യന്റെ അവസാനം ശത്രുവീണു; ഹല്ലേലൂയ്യാ! ക്രിസ്തു ദൈവത്തിൽ, ദൈവം ക്രിസ്തുവിൽ എല്ലാറ്റിലും എല്ലാം ”.

❖

(7-ാംപേജിന്റെ തുടർച്ച)

ക്രിസ്തുവിന്റെ ആത്മാവിനാൽ നിറഞ്ഞിരിക്കുന്നു

ത്തിന്റെ പ്രധാനഭാഗം എന്നത് വിശ്വാസജീവിതത്തിന്റെ സമൃദ്ധിയാണ്. “ യേശു അവനോട് നിന്നാൽ കഴിയും എങ്കിൽ എന്നോ, വിശ്വസിക്കുന്നവന് സ,കലവും കഴിയും എന്ന് പറഞ്ഞു ” (മർക്കൊ. 9:20).

ക്രിസ്തുവിനാൽ നിറയുക എന്നത്, ദിവ്യമായ ജീവിത അനുഭവങ്ങളാൽ ജീവിതത്തിന്റെ ഓരോ ഭാഗവും നിറയപ്പെടുക എന്നു മാത്രമല്ല ജീവിതത്തിന്റെ ഓരോ നിമിഷവും നിറവു പ്രാപിക്ക എന്നുമാണ്. ക്രിസ്തുവിനെ ഏറ്റെടുത്ത് വിജയകരമായ മനസാക്ഷിയുടെ നിലനില്പും അവിടുത്തെ നിറവിൽ മറയുന്ന അനുഭവം കൂടിയാണ്. ഇത് ഒരു സംഭരണി അല്ല, പകർച്ചയാണ്. ഇത് തുടർച്ചയായ ഒരു ജീവിതമാണ്. സജീവവും എപ്പോഴും ഒഴുകുന്നതും ആവശ്യം അനുസരിച്ച് അകത്തു പകർച്ച ഉള്ളതും, ഇടതടവില്ലാതെ ഒഴുകുന്ന ജീവജലത്തിന്റെ ഉറവയിൽ നാം വളരുകയും ചെയ്യും.

ദൈവിക പദ്ധതിയുടെ ഒരു ഭാഗമാണ് ക്രിസ്തുവിലുള്ള നമ്മുടെ ജീവിതം, അതിനെ ഉന്നത തലങ്ങളിലേയ്ക്കുയർത്തി ദൈവിക കൂട്ടായ്മയിൽ വസിക്കുവാനുള്ള പടിപടിയായുള്ള ആത്മീയ അനുഭവമാണ് ഇത്. പെന്തെക്കോസ്തു തലമുറ, പെന്തെക്കോസ്തിന്റെ രണ്ടാം തലമുറ, പുതിയതും പെരുവെള്ളം പോലെ ഉയർന്നുവരുന്ന തലമുറകൾക്ക് അവരുടേതായ കാഴ്ചപ്പാടുകളുണ്ട്. എന്നാൽ തുടർച്ചയായ പകർച്ച, അനുനിമിഷം വ്യത്യസ്തരീതികൾ, ഈ വസ്തുതകൾക്കിടയിൽ ധാരാളം വിലപ്പെട്ട അനുഭവങ്ങൾ, അത് ആത്മീക ജീവിതത്തിന്റെ ഉറപ്പായ നിലനിൽ പിനും ആരോഗ്യപരമായ വളർച്ചയ്ക്കും സഹായകങ്ങളാണ്. ദൈവം ജീവിക്കുന്നു, അവിടുന്ന് നമുക്കു സമീപസ്ഥനാണ്, തന്റെ നന്മകളെ, “ആകാശത്തിലെ വിശിഷ്ട വസ്തുവായ മഞ്ഞുകൊണ്ടും താഴെ കിടക്കുന്ന അഗാധജലം കൊണ്ടും സൂര്യനാൽ ഉളവാകുന്ന വിശേഷഫലം കൊണ്ടും പ്രതിമാസ ചന്ദ്രനാൽ ഉളവാകും. വിശിഷ്ടഫലംകൊണ്ടും പുരാതന പർവ്വതങ്ങളുടെ ശ്രേഷ്ഠ സാധനങ്ങൾ കൊണ്ടും ശാശ്വത ശൈലങ്ങളുടെ വിശിഷ്ട വസ്തുക്കൾ കൊണ്ടും ഭൂമിയിലെ വിശേഷവസ്തുക്കളും സമൃദ്ധിയും കൊണ്ടും അവന്റെ ദേശം യഹോവയാൽ അനുഗ്രഹിക്കപ്പെടുമാറാകട്ടെ (ആവർ. 33:13-15).

ദിവ്യനിറവിന്റെ സ്വാധീനങ്ങൾ

ഇത് വിശുദ്ധിയുടെ രഹസ്യമാണ്. ഓരോ വീണ്ടും ജനിക്കപ്പെട്ട വിശ്വാസിയിലും പരിശുദ്ധാത്മാവിൽ ജീവിതത്തിൽ ഒരു അളവുണ്ട്. എന്നാൽ തന്റെ ജീവിതത്തിന്റെ ഓരോ ഭാഗങ്ങളിലും തന്റെ സ്നേഹത്താൽ നിറെച്ച്, തന്റെ മഹത്വത്തിന്റെ അവകാശിയാക്കി, നമ്മെ വിശുദ്ധീകരിച്ചിരിക്കുന്നു, ആ ദൈവത്തിന്റെ നിറവുകൾ പാപത്തിന്റെ ശക്തിയിൽ നിന്നും സ്വയത്തിന്റെ ശക്തിയിൽ നിന്നും നമ്മെ സ്വതന്ത്രരാക്കുന്നു, മേഘം സമാഗമന കൂടാരത്തിൽ ഇറങ്ങുമ്പോൾ മോശയ്ക്കു മറയ്ക്കുവാനായി ഒരിടം കൂടാരത്തിലില്ല എന്നതുപോലെ തന്നെ.

തുടർച്ചയായി വിശുദ്ധിയുള്ള ഒരു ഹൃദയം നിങ്ങൾക്കുണ്ടോ, ചിന്തയിലും അനുഭവത്തിലും ദൈവത്തിന്റെ ഇഷ്ടവുമായി അനുരൂപപ്പെട്ടിട്ടുണ്ടോ. “ ....ആത്മാവു നിറഞ്ഞവരായിരിക്ക ”; നാം ദൈവത്തിന്റെ നിറവ് പ്രാപിച്ചിട്ടുണ്ടോ, കൃപമേൽ കൃപ പ്രാപിച്ചിട്ടുണ്ടോ. സ്വർഗ്ഗീയ ഒഴുക്ക് ജലസേചനത്തിനുള്ള ചാനൽ പോലെ തോട്ടത്തെ നനയ്ക്കുവാൻ ഓരോ ചെടിയുടെ അടു

(ശേഷം 9-ാം പേജിൽ)

(8-ാംപേജിന്റെ തുടർച്ച)

ക്രിസ്തുവിന്റെ ആത്മാവിനാൽ നിറഞ്ഞിരിക്കുന്നു

ക്കലോളം എത്തി, ദൈവകൃപയാൽ നമ്മുടെ ക്രിസ്തീയ ജീവിതം സമ്പൂർണ്ണമായിത്തീരുവോളം കർത്താവിന്റെ തോട്ടം പോലെ ശോഭിക്കേണ്ടതാണ്.

ഇത് സന്തോഷത്തിന്റെ രഹസ്യമാണ്. പകുതി നിറഞ്ഞിരിക്കുന്ന ഹൃദയം, അത് അറിയാം കുറവ് എന്നാൽ നിറഞ്ഞ സംതൃപ്തിയോടെ കാണുവാൻ കഴിയുക. കന്നുകാലികളും അതിൽ നിന്നും കുടിച്ച് തൃപ്തിയായി അതിന്റെ പുല്പുറങ്ങളിൽ വിശ്രമം കണ്ടെത്തുകയാണ്. "എന്റെ സന്തോഷം നിങ്ങളിൽ ഇരിപ്പാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാകുവാനും ഞാൻ ഇത് നിങ്ങളോട് സംസാരിച്ചിരിക്കുന്നു" (യോഹ. 15:11).

ഇത് ശക്തിയുടെ രഹസ്യമാണ്. ഇലക്ട്രിക്കൽ കറന്റ് ഒരു ചെറിയ വയറിലൂടെ പകർന്നു ഒരു വലിയ ശക്തിയായി ഒരു ഫാക്ടറിയിലെ മിഷ്യനിൽ പ്രവർത്തിച്ച്, ഒരു ഗ്രാമത്തിൽ ഒഴുകുന്ന ചാനലിലേയ്ക്ക് വേണ്ടുന്ന ശക്തിയായി പ്രവർത്തിച്ചു അവിടെയുള്ള ഫാക്ടറികൾക്ക് ആവശ്യമായ ഊർജ്ജമായി ഒഴുകിയെത്തുന്നു. കവിഞ്ഞൊഴുകിയെത്തുന്നു. കവിഞ്ഞൊഴുകുന്ന അനുഗ്രഹം മറ്റുള്ളവർക്ക് അനുഗ്രഹമായി മാറുന്നു.

നിറയുവാനുള്ള വ്യവസ്ഥകൾ

അവിടുന്ന് വാഗ്ദത്തം ചെയ്തിരിക്കുന്നു. ദാഹിക്കുന്നവരെ നിറയ്ക്കും എന്ന്. " നീതിക്ക് വിശുന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ അവർക്കു തൃപ്തി വരും" (മത്താ. 5:6). ഇത് വായിക്കുന്ന അനേകർ സംശയമില്ലാതെ കാത്തിരിക്കുന്ന ഈ അനുഭവം അവർ ചിന്തിക്കുന്നത് എത്രയും വേഗം അതു കിട്ടും എന്നുള്ള ആശയോടെയാണ്. പ്രിയ കൂട്ടുകാരെ, ഈ ആഴമായ ആഗ്രഹം നിങ്ങൾ കാത്തിരിക്കുന്ന അനുഗ്രഹങ്ങളുടെ ആരംഭമാണ്. നിങ്ങളുടെ പ്രാർത്ഥന മറുപടിയായി ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിങ്ങളുടെ ഹൃദയങ്ങളെ ഒരുക്കുന്ന പ്രവൃത്തി ആരംഭിച്ചിരിക്കുന്നു. ആത്മാക്കൾ അറിയുന്നില്ല യേശുക്രിസ്തുവിന്റെ നിറവിനെക്കുറിച്ച്, എന്നാൽ ഇതിന്റെ തോൽവികളെക്കുറിച്ചും ബഹുവിധമായ ഇതിന്റെ ആവശ്യത്തെക്കുറിച്ചും അ വർ ബോധവാന്മാരാണ്. നിങ്ങളുടെ ആഴമായ ആഗ്രഹിത്തിനായി ദൈവത്തിന് നന്ദികരേറ്റുന്നു. ഈ ആഗ്രഹത്തിൽ തുടരുക, ഇത് ദൈവത്തിന്റെ കൃപാസനത്തോട് നിങ്ങളെ അടുപ്പിക്കും, കാത്തിരിക്കുക, പ്രാർത്ഥിക്കുക, സ്വീകരിക്കുക, നിങ്ങൾക്ക് ഇങ്ങനെ പറയുവാൻ കഴിയട്ടെ. " .... പ്രസാദം കൊണ്ടു തൃപ്തനും, യഹോവയുടെ അനുഗ്രഹം നിറഞ്ഞവനുമായി "

ഒഴിഞ്ഞ പാത്രങ്ങൾ എപ്പോഴും നിറയപ്പെടുന്നു. "വിശന്നിരിക്കുന്നവരെ നന്മകളാൽ നിറെച്ചു; സമ്പന്നന്മാരെ വെറുതെ അയച്ചു കളഞ്ഞിരിക്കുന്നു " (ലൂക്കോ. 1:53) "ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവന്മാർ സ്വർഗ്ഗരാജ്യം അവർക്കുള്ളത് (മത്താ. 5:3). ഇത് ഒരു വിരോധാഭാസമാണ്. ദൈവത്തിന് ഹൃദ.യത്തിൽ ഇടം കൊടുക്കാത്തിടത്തോളം കാലം നമുക്ക് നിറവ് പ്രാപിക്കാൻ സാദ്ധ്യമല്ല. ഓരോ ശ്രേഷ്ടമായ അനുഗ്രഹവും ആരംഭിക്കുന്നത് ഒരു ത്യാഗജീവിതത്തിൽ നിന്നുമാണ്. ജീവിതത്തിൽ കടുത്ത നിലപാടുകളെടുക്കുമ്പോൾ ചില പുറത്താക്കലുകളുണ്ടാകും. " നമ്മുടെ പിതാക്കന്മാരോട് സത്യം ചെയ്ത ദേശം തരുവാൻ അതിൽ കൊണ്ടു ചെന്നാക്കേണ്ടതിന് അവിടെ നിന്ന് പുറപ്പെടുവിച്ചു (ആവ. 6:23). അബ്രഹാം ലോത്തിന് ഇഷ്ടപ്പെട്ട ദേശം കൊടുക്കേണ്ടതിന് തന്റെ അവകാശത്തിൽ നിന്നും വിട്ടു വീഴ്ച ചെയ്യേണ്ടി വന്നു. യിസഹാക്ക് മോറിയാ മലയിൽ ദൈവത്തിനായി യാഗം ആയി സമർപ്പിക്കേണ്ടിവന്നു. ആ സ്ഥലം പിന്നത്തേതിൽ ദൈവത്തിന്റെ ആലയം സ്ഥാപിക്കപ്പെട്ടു. മോശയ്ക്ക് ദൈവത്തിന്റെ മഹാനിയോഗപ്രകാരം മിസ്രയിമിലെ പദവി വിട്ടു പോരേണ്ടി വന്നു, തന്റെ ജീവിതത്തിലെ ലോകപ്രകാരമുള്ള ബഹുമാനം താൻ ഉപേക്ഷിക്കേണ്ടി വന്നു. ഹൃദയം സ്വയത്തെ ഉപേക്ഷിച്ചു കളയുമ്പോൾ യേശു നിങ്ങളുടെ ഹൃദയത്തിൽ നിറയുവാനടയാകും, പരിശുദ്ധാത്മാവിന്റെ നിറവ് പ്രാപിക്കാനിടയാകും.

പലപ്പോഴും നമ്മിൽ ഓരോരുത്തരും നമുക്കുള്ളതിനെ പിടിച്ചിക്കൊള്ളുവാൻ ശ്രമിക്കും, ദൈവത്തിന്റെ നിറവും പ്രാപിക്കാൻ സാധ്യമല്ല, കാരണം ദൈവത്തിന് ഒരിടം നമ്മുടെ ജീവിതത്തിൽ കണ്ടെത്തുവാൻ കഴിയുകയില്ല. ഹൃദയത്തെ ഒഴിച്ചിടുവാൻ നാം ഒരുക്കമാണോ? " യഹോവ ഇപ്രകാരം അരുളിചെയ്യുന്നു, ഈ താഴ്വരകളിൽ അനേക കുഴികൾ വെട്ടുവിൻ. നിങ്ങൾ കാറ്റ് കാണുകയില്ല, മഴയും കാണുകയില്ല, എന്നാൽ നിങ്ങളും നിങ്ങളുടെ ആടുമാടുകളും മൃഗവാഹനങ്ങളും കുടിക്കതക്കവണ്ണം ഈ താഴ്വര വെള്ളം കൊണ്ടു നിറയും " (2രാജാ 3:16,17). നിങ്ങൾ താഴ്മയുടെ താഴ്വരയിൽ ആണോ? നിങ്ങൾ ആഴമായ കുഴികൾ വെട്ടുന്നുണ്ടോ, നിങ്ങളുടെ ആവശ്യങ്ങൾ നിറവേറുന്നതിനു വേണ്ടി നിങ്ങളുടെ പോരായ്മകൾ മാറുന്നതിനുവേണ്ടി നാം ഒരുപക്ഷേ ഇങ്ങനെ പറയും. "ഞാൻ തൃപ്തനല്ല", നാം കുറെക്കൂടെ കൂട്ടിച്ചേർത്ത് ഇങ്ങനെ പറയും, എന്റെ തൃപ്തി ദൈവത്തിലാണ്. നാം നമ്മെത്തന്നെ ഒഴിച്ചിടുകയാണ്, മാത്രമല്ല, ലോകമയത്വങ്ങളും പാപങ്ങളും കൂടെ വിട്ടുകളയും. നമ്മുടെ സ്വന്ത ബലത്തിൽ ആശ്രയിച്ചുള്ള എല്ലാം, വിശ്വാസത്തിന്റെയും മതപരമായ എല്ലാം വിട്ടുകളഞ്ഞ്, ക്രിസ്തുവിന് നമ്മുടെ ജീവിതത്തിന്റെ പ്രധാന സ്ഥാനം വിട്ടു കൊടുക്കാമോ? സ്വഭാവ പരമായി ജീവിതത്തിൽ വിടേണ്ടതെല്ലാം വിട്ട്, ദൈവത്തിന് പ്രയോജനമുള്ളതു മാത്രം മുറുകെ പിടിച്ച് ചുമതലകളെ ഏറ്റെടുത്ത്, നന്മ ചെയ്യുവാനുള്ള പാടവം കൈമുതലാക്കി, ഈ ആത്മാവിൽ സ്വയം തൃജിച്ച് പൂർണ്ണ സമർപ്പണത്തോടുകൂടി വളരാൻ കഴിയുമോ ഓരോ ദിവസവും പാവപ്പെട്ടവരായി, ധനവാന്മാരായി?

" തുറന്ന ഹൃദയം നിറയപ്പെട്ടിരിക്കും. നിന്റെ വായ് വിസ്താരത്തിൽ തുറക്ക ഞാൻ അതിനെ നിറയ്ക്കും " (സങ്കീ.81:10). ഒരു പൂച്ചട്ടി അതിലെ പൂവിതൾ സൂര്യപ്രകാശത്തെ കാണിക്കുമ്പോൾ അത് മഞ്ഞും ചാറ്റൽ മഴയും ഏൽക്കുമ്പോൾ അതിന്റെ അനുഭവം അവർണ്ണനീയമാണ്. ഹൃദയം അതിന്റെ മനസ്സിനെ സ്പർശിക്കുന്ന അംഗീകരിക്കുന്ന ശാന്തമനസ്സ്, ചിലപ്പോൾ അത് അവിശ്വാസത്താൽ മുറുകി, സംശയം, ഭയം, സ്വയത്തിന്റെ മനസാക്ഷി, എന്നാൽ തന്റെ നിറവുകൾ പകരുവാൻ വേണ്ടി കാത്തിരിക്കുന്നു.

ലൗകിക ഹൃദയങ്ങൾക്ക് ദൈവത്തിന് ഒരിടം കൊടുത്തിട്ടില്ല, എന്നിട്ടും ദൈവസ്നേഹം അവരെ നിർബ്ബന്ധിക്കുകയാണ്, യെരുശലേമേ, " യരുശലേമേ, പ്രവാചകന്മാരെ കൊല്ലുകയും നിന്റെ അടുക്കൽ അയച്ചിരിക്കുന്നവരെ കല്ലെറികയും ചെയ്യുന്നവളേ, കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ചേർക്കുംപോലെ നിന്റെ മക്കളെ ചേർത്തുകൊൾവാൻ എനിക്കു എത്രവട്ടം മനസായിരുന്നു, നിനക്കോ മനസായില്ല" (മത്താ. 23:37). ഒരു മനുഷ്യൻ ആഹാരമോ വെള്ളമോ അല്പമ പോലും ഇറക്കുവാൻ കഴിയാതെ മരിക്കുന്നതു ഞാൻ കണ്ടു. അനേക ക്രിസ്ത്യാനികൾ എല്ലാം ഉണ്ട് എങ്കിലും പട്ടിണി കിടക്കുന്ന വരെപ്പോലെയാണ്. കാരണം

(ശേഷം 10-ാം പേജിൽ)

(9-ാം പേജിന്റെ തുടർച്ച)

ക്രിസ്തുവിന്റെ ആത്മാവിനാൽ നിറഞ്ഞിരിക്കുന്നു

അവരുടെ ഹൃദയം ദൈവത്തിനായി തുറന്നു കൊടുക്കുന്നില്ല. ജീവിതത്തിൽ ഉറപ്പുള്ളവരായിരിക്കേണം, ആശ്രയിക്കുക, സ്നേഹിക്കുക, അടുക്കലേയ്ക്ക് ചെല്ലുക, അംഗീകരിക്കുന്ന, സ്വീകരിക്കുന്ന വിശ്വാസം ഉള്ളവരായിരിക്കുക, ശാന്തതയുള്ള ആത്മാക്കളുള്ളവരായി, ക്ഷമയോടെ കാത്തിരിക്കുക, പൂർണ്ണനിറവിനുവേണ്ടി ഹൃദയങ്ങളെ തുറന്നുകൊടുക്കുക.

വീണ്ടും ഞങ്ങൾ കാത്തിരുന്നു പ്രാർത്ഥിക്കുമ്പോൾ അവിടുത്തെ ആത്മാവിനാലെ ഞങ്ങൾ നിറയപ്പെട്ടു പ്രാർത്ഥനയിൽ തുടരുവാൻ ഇടയായി. ദൈവത്തിൽ കാത്തിരുന്നപ്പോൾ അവർ എല്ലാവരും ആത്മാവിനാൽ നിറയപ്പെടുവാൻ ഇടയായി. പ്രാർത്ഥന എന്നത് ചോദിക്കുക മാത്രമല്ല. സ്വീകരിക്കുക കൂടെയാണ്. അനേകർ വേണ്ടുംവണ്ണം നിറവിനുവേണ്ടി കാത്തിരിക്കുന്നില്ല. നിങ്ങൾക്ക് നിങ്ങളുടെ പ്രഭാതഭക്ഷണത്തിനായി അരമണിക്കൂർ ചെലവിടാം, പക്ഷേ പരിശുദ്ധാത്മാവിനുവേണ്ടി കാത്തിരിപ്പാൻ സാദ്ധ്യമല്ല. ഈ കാര്യത്തിനു വേണ്ടി പ്രത്യേക കാത്തിരിപ്പ് ആവശ്യമാണ്. അപ്പോൾ ദൈവത്തിന്റെ തുടർച്ചയായുള്ള നിറവ് നമുക്കുണ്ടാവുകയും അനുനിമിഷം അതിൽ വർദ്ധിച്ചു വരികയും ചെയ്യും. ഒരുവനെ ഒരു വലിയ മഴയോട് താരതമ്യം ചെയ്തു പഠിക്കുമ്പോൾ അത് നദിയിൽ വലിയ പ്രളയത്തിന് കാരണമാവുന്നു, തുടർച്ചയായ മഞ്ഞും മഴയും, അന്തരീക്ഷം തണുക്കുവാൻ കാരണമാവുന്നു. ഒരുവൻ ശരിയായ ആത്മാവിനാൽ നിറയപ്പെടുന്നു എങ്കിൽ സമർപ്പണത്തിനും ആശ്രയത്തിനും ഏല്പിക്കുമ്പോൾ, കാത്തിരിക്കുമ്പോൾ, പരിശുദ്ധാത്മാവിന്റെ സ്നാനം ലഭിക്കുന്നു. ഒരിക്കലും അധൈര്യപ്പെടുകയില്ല. ദൈവത്തിന്റെ പുതുക്കം പ്രാപിച്ചിട്ട് ദൈവത്തിന്റെ സ്നേഹത്താലും ജീവനാലും നിറയപ്പെട്ടിട്ട്, പ്രത്യേക പ്രേരണയിലൂടെ, അവിടെ ശക്തിയും അനുഗ്രഹവും നമ്മിൽ തുടരുകയും നമുക്കു മാത്രമല്ല മറ്റുള്ളവർക്കും ആനുഗ്രഹമായിത്തീരുകയും ചെയ്യും.

ദൈവത്തെ മറ്റുള്ളവരെയും സേവിക്കുമ്പോൾ, ഒരുപക്ഷേ വളരെ ശക്തിയായ അവസ്ഥയിൽ തുടർച്ചയായി ദൈവത്തിന്റെ പരിശുദ്ധാത്മാവ് അതിന്റെ നിറവിന്റെ സന്തോഷം ഉണ്ടാവുകയും ചെയ്യും. ദൈവത്തിന്റെ അനുഗ്രഹം പകരുന്നു എന്ന നിലയിൽ നമ്മുടെ അകത്ത് വലിയ സന്തോഷം ഉണ്ടാവുകയും ചെയ്യും.

നാം പലപ്പോഴും സഭയിൽ പറയാറുണ്ട്. എപ്പോഴാണ് നിറവില്ലാതെയിരിക്കുന്നത്. ചില ക്രിസ്ത്യാനികൾ, അവരുടെ കവിഞ്ഞൊഴുക്ക് എന്നത് വളെര ക്ഷീണിച്ചതാണ്, കഷ്ടിച്ച് ഞെരുങ്ങി സജ്ജീകരിച്ച് നടത്തുന്നതാണ്.

പ്രീയരെ, നമ്മുടെ ജീവിതത്തിൽ അവിടുന്ന് ധാരാളമായി പകർന്നു തരുന്ന നിറവുകളെ മറ്റുള്ളവർക്ക് പകർന്നു കൊടുക്കാം. ഇതിനെക്കുറിച്ചുള്ള പ്രായോഗികവശം നമുക്കുണ്ടാകട്ടെ. ദൈവത്തിലുള്ള ശരിയായ ആശ്രയത്തിലൂടെ ലഭിക്കുന്ന ഓരോ അനുഗ്രഹങ്ങളും തുടർച്ചയായി ഉപയോഗിക്കുന്നു എങ്കിൽ അത് നിലനില്ക്കുന്നു. നമുക്കു ലഭിച്ചിരിക്കുന്ന രക്ഷ നമ്മുടെ സ്വന്തം അല്ല, ഭൂലോകത്തിൽ രക്ഷിക്കപ്പെടാതെ നശിച്ചുകൊണ്ടിരിക്കുന്ന അനേകർക്കുള്ളതാണ്. നമ്മുടെ വിശുദ്ധീകരണവും യേശുക്രിസ്തുവിന്റെ നിറവു എന്നത്, ദൈവത്തിന്റെ നിറവും പ്രാപിക്കാത്ത ക്രിസ്ത്യാനികളുടെ ശരിയായ ആശ്രയമാണ്, നാം പ്രകാശിക്കുന്നില്ലെങ്കിൽ, ദൈവം ഒരുക്കുന്ന വഴിയിൽ നമുക്ക് പറയാൻ ഒരു പങ്കും ഉണ്ടായിരിക്കുകയില്ല. നമ്മുടെ സൗഖ്യം, കഷ്ടപ്പെടുന്ന ചിലരുടേതാണ്. നമ്മുടെ ജീവിതാനുഭവങ്ങൾ ചിലരുടെ ആഗ്രഹവും പ്രാർത്ഥനയുമാണ്. നമ്മുടെ സഹോദരങ്ങളുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കുവാൻ നമുക്കു കഴിയും എങ്കിൽ ദൈവം ഒരുക്കുന്ന അവസരങ്ങളിൽ പങ്കാളിയാകുവാൻ നാം വിശ്വസ്തത കാണിക്കുന്നുവെങ്കിൽ നാം ധന്യരാണ്, അതെ, എത്ര വ്യക്തമായ സത്യമാണ്, നാം ഇത് മറ്റുള്ളവരോട് പറയുക! നാം മറ്റുള്ളവർക്കുവേണ്ടി മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കുമ്പോൾ ദൈവം പകരുന്ന നിറവുകൾ എത്ര യാഥാർത്ഥ്യമാണ്! പാവപ്പെട്ട ചില ആളുകളെ ഞങ്ങൾ സത്യത്തിലേക്ക് നയിച്ച് അവരുടെ ശരീരങ്ങളിലേക്ക് ഒഴുകുന്ന സൗഖ്യത്തിന്റെ അരുവികൾ അവരുടെ നിറവുകൾ എത്ര അനുഗ്രഹിക്കപ്പെട്ടത്! നമുക്കു നൽകപ്പെട്ടിരിക്കുന്ന രക്ഷ നമ്മുടെ ഹൃദയങ്ങളിലേക്കുള്ള പകർച്ച, അതെ, രക്ഷയുടെ ഉറവുകളിലേക്ക് നടത്തുന്ന നടത്തിപ്പുകൾ എത്ര അനുഗ്രഹം! ദൈവം ഓരോ പാത്രങ്ങളിലേക്ക് പകരുവാൻ ആഗ്രഹിക്കുന്ന നിറവുകൾ സ്വീകരിച്ച് മറ്റുള്ളവർ ക്കു പകർന്നു കൊടുക്കുന്ന അനുഭവമത്രേ ശ്രേഷ്ടം. ആകയാൽ ഈ നിറവുകളെ ദൈവത്തിൽ നിന്നും പ്രാപിച്ച് അനേകരിലേക്ക് ഞങ്ങൾ പകരുമാറാകട്ടെ, കുടിക്കുവാനായി ജീവജലം ഞങ്ങളുടെ കരങ്ങളിലേയ്ക്ക് ഒഴുകട്ടെ, ദൈവത്തിന്റെ നിറവുകളോളം, ദൈവത്തിന്റെ വാഗ്ദത്തിന്റെ നിറവിലും വലിപ്പത്തിലും അത് അനുഗ്രഹകരമായിത്തീരുമാറാകട്ടെ, ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശു നിന്നുകൊണ്ട് ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നും തിരുവെഴുത്തുകൾ പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നു വിളിച്ച് പറഞ്ഞു (യോഹ. 7:37,38) ❖